വിശ്വവാണി
# സമർപ്പണ
Vol. 37 - Issue 5 | May 2024 | Rs. 10/-







## യേശുക്രിസ്തുവിന്റെ സുവിശേഷം - നടുന്നത് ആര്? നനയ്ക്കുന്നത് ആര്? വളരുമാറാക്കുന്നത് ആര്?

May
2024

Vishwa Vani
Samarpan
A Loving Epistle To The Praying Hearts

This mission journal from Vishwa Vani is being published in Tamil, Malayalam, Telugu, Kannada, Marathi, Gujarati, Hindi, Odia, Bengali, English, Kokborok and Soura languages. Yearly Subscription: Rs. 100/-

**PUBLICATION OFFICE:**
1-10-28/247, Anandapuram, Kushaiguda,
ECIL Post, Hyderabad. Ph: 040-27125557.
Email: samarpan@vishwavani.org

**ADMIN. OFFICE:**
20, Raghul Street, T.M.P. Nagar, Pudur,
Ambattur, Chennai-600053.
Ph: 044-26869200.
Email: vishwavaninet@vishwavani.org

## താളുകൾ മറിക്കുമ്പോൾ

02 അയവിറക്കാൻ
03 എക്സിക്യുട്ടീവ് ഡയറക്ടറിന്റെ....
07 പ്രത്യേക പംക്തി
12 ചെയർമാന്റെ കത്ത്...
14 കേരളത്തിൽ നിന്നും...
17 പുതിയ ആരാധനാലയങ്ങൾ
22 പ്രയർ നെറ്റ് വർക്ക് ഡയറക്ടർ....
25 വയൽ വാർത്തകൾ
34 വാർത്തകൾ

Emil Annan's

# അയവിറക്കാൻ

- കരങ്ങളിൽ വചനം;
അധരങ്ങളിൽ ക്രിസ്തു
അതാണ് ശുശ്രൂഷ!
- കുനിയാതെ നടാൻ കഴിയില്ല,
വിനയമില്ലാതെ ശുശ്രൂഷിക്കാനും
കഴിയില്ല.
- പ്രവർത്തനത്തിൽ വേതനം
പ്രതീക്ഷിക്കുന്നത് സംഘടന!
പ്രതിഫലം പ്രതീക്ഷിക്കാതെ
പ്രവർത്തിക്കുമ്പോൾ അത് ഒരു
സമൂഹം!
- യേശുവിന്റെ മുറിവുകളിൽ കണ്ട നിറം
രക്തത്തിന്റെ നിറമോ അതോ
പ്രവർത്തകൻ ചായം പൂശിയതോ
എന്ന് കാലം വെളിപ്പെടുത്തും!
- ചോദിച്ചു വാങ്ങിക്കുന്നത് ഭിക്ഷ
ചോദിക്കാതെ ലഭിക്കുന്നുത് ദാനം!
- വചനം വിതയ്ക്കുമ്പോൾ സഭ
വളരുന്നു
വാക്കുകൾ പെരുകുമ്പോൾ ശത്രുത
വളരുന്നു!
- കൃപ കൂടാതെ നടരുത്
സ്നേഹം കൂടാതെ നനയ്ക്കരുത്!
- വെള്ളമില്ലെങ്കിൽ വിളകൾ ഉണങ്ങും
കണ്ണീരില്ലെങ്കിൽ ശുശ്രൂഷ നിന്നു
പോകും!



VISION:
To see the glorious gospel of our Lord and Saviour Jesus Christ blessing villages in India

# എക്സിക്യുട്ടീവ് ഡയറക്ടറിന്റെ കത്ത്.....

വളരുമാറാക്കുന്ന കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

**ഞാൻ നിങ്ങളെ ഓർക്കുമ്പോഴൊക്കെയും ദൈവത്തെ സ്തുതിക്കുന്നു:** ഈ കത്തെഴുതാൻ തുടങ്ങിയപ്പോൾ ക്രിസ്തുവിനോടുള്ള നിങ്ങളുടെ സ്നേഹവും, സുവിശേഷ വേലയിൽ നിങ്ങളുടെ പ്രയത്നവും, ഔദാര്യദാനവും ഞാൻ ഓർക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു. ദൈവം നിങ്ങളുടെ കുടുംബത്തെ ധാരാളമായി അനുഗ്രഹിക്കുകയും പരീക്ഷ കഴിഞ്ഞു നില്ക്കുന്ന കുഞ്ഞുങ്ങൾക്ക് വിജയവും ഉപരിപഠനത്തിനായി ആഗ്രഹിക്കുന്നവർക്ക് അനുഗ്രഹിക്കപ്പെട്ട വഴികളും, വിവാഹ പ്രായമായവർക്ക് അനുയോജ്യമായ ജീവിതപങ്കാളികളെയും വിവാഹം കഴിഞ്ഞവർക്ക് അനുഗ്രഹിക്കപ്പെട്ട തലമുറകളെയും നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി ഞാൻ പ്രാർത്ഥിക്കുന്നു. കൂടാതെ നിങ്ങൾക്ക് അനുയോജ്യമായ ജോലിയും, ജോലിയിൽ സ്ഥാനക്കയറ്റവും കുടുംബാംഗങ്ങൾക്ക് നല്ല ആരോഗ്യവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുന്നു. ദൈവമാണ് തങ്ങളുടെ കുടുംബത്തെ നയിക്കുന്നതെന്നും ഒരിക്കലും തങ്ങൾക്ക് ബുദ്ധിമുട്ട് വരികയില്ലെന്നുമുള്ള വിശ്വാസത്തോടെ അവർ മുന്നോട്ടു പോകട്ടെ. ദൈവം നിങ്ങളെയും നിങ്ങളുടെ കുടുംബാംഗങ്ങളെയും കഠിനമായ ചൂടിൽ നിന്നും സംരക്ഷിക്കുകയും എല്ലാറ്റിലും സംതൃപ്തിയോടെ ആയിരിക്കാൻ സഹായിക്കുകയും ചെയ്യട്ടെ!

**ബലപ്പെടുത്തുന്ന ക്രിസ്തു:** ഈ സാമ്പത്തിക വർഷത്തിന്റ ആരംഭത്തിൽ ഫിലി:4:13 അടിസ്ഥാനമാക്കി ദൈവവചനം ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും ശുശ്രൂഷയുടെ പുതിയ സാമ്പത്തിക വർഷത്തിലേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഓരോ മേഖലയിലെയും വിശ്വവാണി പ്രമോഷണൽ പ്രവർത്തകരെ പ്രാപ്തമാക്കിയതിനായി ദൈവത്തെ സ്തുതിക്കുന്നു. ഈ സാമ്പത്തികവർഷം ഇതുവരെയും സുവിശേഷം എത്തിയിട്ടില്ലാത്ത 7000 ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുവാൻ പദ്ധതിയിട്ടിരിക്കുന്നു. ദൈവമക്കളുടെ പ്രാർത്ഥനയാലും സാമ്പത്തിക സഹായത്താലും മിഷനറിമാർക്ക് ഗ്രാമങ്ങളിൽ എത്തുന്നതിനും സുവിശേഷം പങ്കുവെയ്ക്കുന്നതിനും സാധിക്കും. അങ്ങനെ ദുരാത്മാക്കളാൽ ബന്ധിക്കപ്പെട്ടവർ വിടുവിക്കപ്പെടുകയും ഗ്രാമങ്ങളിലെ അന്ധകാരം നീങ്ങി സത്യവെളിച്ചം പ്രകാശിക്കുകയും ചെയ്യും. മഹാ സന്തോഷവും സമൃദ്ധിയും നിറഞ്ഞു കവിയും. രക്ഷിക്കപ്പെടുന്നവരുടെ പേരുകൾ ജീവന്റെ പുസ്തകത്തിൽ എഴുതപ്പെടുകയും നിങ്ങൾ നിത്യതയിൽ ആദരിക്കപ്പെടുകയും ചെയ്യും.

**മിഷനറി പ്രവർത്തനത്തിന് കൈത്താങ്ങ് ദൈവമാണ്:** മിഷനറി പ്രവർത്തനത്തിന്റെ വളർച്ചയും സമൃദ്ധിയും പരിശുദ്ധാത്മാവിനെ ആശ്രയിച്ചാണ്. അതിൽ ആർക്കും പ്രശംസിക്കാൻ കഴിയില്ല. 1 കൊരി:3:5ൽ പറയുന്നു, തങ്ങൾക്കു കർത്താവു നൽകിയതുപോലെ നിങ്ങൾ വിശ്വസിപ്പാൻ കാരണമായിത്തീർന്ന ശുശ്രൂഷക്കാരത്രേ. തുടർന്ന് 6,7 വാക്യങ്ങളിൽ ശുശ്രൂഷ വളരുമാറാക്കുന്ന ദൈവത്തിനാണ് പ്രാധാന്യം അല്ലാതെ മനുഷ്യർക്കല്ല എന്ന് പൗലോസ് പറയുന്നു. നാം ദൈവത്തിന്റെ കൂട്ടുവേലക്കാരാണ് എന്നത് ഒരിക്കലും മറക്കരുത്.

**1. ദൗത്യത്തിലെ വൈവിധ്യം:** മത്താ:13:1-9 വരെയുള്ള ഭാഗത്ത് വിവിധ തരത്തിലുള്ള ശുശ്രൂഷകൾ ഉണ്ടെന്ന് യേശുക്രിസ്തു പറഞ്ഞിട്ടുണ്ട്. അപ്പോസ്തൊലനായ പൗലോസ് എഫെസോസിനുള്ള തന്റെ ലേഖനത്തിൽ 5 തരത്തിലുള്ള ശുശ്രൂഷയെക്കുറിച്ച് പറയുന്നു(4:11-13). കൃഷിക്കാരൻ നിലം ഉഴുതുന്നു, മറ്റൊരുത്തൻ വിത്ത് വിതയ്ക്കുന്നു, മറ്റുചിലർ ചെടി നനയ്ക്കുന്നു, പക്ഷേ അവ വളരുമാറാക്കുന്നത് ദൈവമാണ്. പൗലോസ് സഭയെ വിവിധ അവയവങ്ങളുള്ള ഒരു വ്യക്തിയുടെ ശരീരവുമായി താരതമ്യം ചെയ്യുമ്പോൾ, ബഹുമുഖ സമീപനത്തിനാണ് പൗലോസ് പ്രാധാന്യം നൽകുന്നത്. വിശ്വവാണി ശുശ്രൂഷയിലൂടെ ഒരു ബഹുമുഖ തലത്തിലാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. എന്നാൽ ഞങ്ങളുടെ പ്രധാന ലക്ഷ്യം ഭാരതത്തിലെ സുവിശേഷം എത്താത്ത ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെയ്ക്കുക എന്നതാണ്.

**2. ഉദ്ദേശത്തിന്റെ ഐക്യം:** ശുശ്രൂഷയിൽ നമ്മുടെ പങ്ക് വ്യത്യസ്തമാണെങ്കിലും നാം ആത്മാക്കളുടെ കൊയ്ത്തിൽ പങ്കാളികളികളാണെന്ന് മനസ്സിൽ കരുതിക്കൊള്ളണം. അപ്പോസ്തൊലനായ പൗലോസിനും അപ്പല്ലോസിനും പത്രോസിനും തമ്മിൽ ഒരിക്കലും മത്സരമില്ലായിരുന്നു. പകരം ക്രിസ്തുവിന്റെ നേതൃത്വത്തിൽ അവർ തങ്ങളുടെ ശുശ്രൂഷ പൂർത്തീകരിച്ചു. ശുശ്രൂഷയിൽ വ്യത്യസ്തമുഖങ്ങളുണ്ടായിരുന്നെങ്കിലും ഉദ്ദേശ്യത്തിലും ആത്മാവിലും ഐക്യതയുണ്ടായിരുന്നു(1കൊരി:3:7-10).

വിശ്വവാണിയുടെ വിവിധങ്ങളായ 9 വിഭാഗങ്ങളിലെ മിഷനറിമാരും, പ്രാർത്ഥനാ സഹകാരികളും, സ്വമേധാ പ്രതിനിധികളും ഇതേ ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. വിവിധ സഭാ നേതൃത്വങ്ങളുടെയും സംഘടനകളുടെയും കൂട്ടായ പ്രവർത്തനത്തോടെ ഞങ്ങൾ സുവിശേഷം ഘോഷിക്കുന്നു.

3. ആത്മാവിൽ വിനയം: സുവിശേഷ ഘോഷണത്തിന് ദൈവമക്കളുടെ കൈത്താങ്ങൽ ഞങ്ങൾക്ക് ആവശ്യമാണ്. എന്നാൽ വളരുമാറാക്കുന്ന ദൈവത്തെ മറക്കുകയും നിഷേധിക്കുകയും ചെയ്യുന്ന എല്ലാവരും നിഷേധികളാണ്. ദൈവത്തിന് കൊടുക്കേണ്ട പുകഴ്ച മനുഷ്യർ എടുക്കരുത്. ആളുകൾ നമ്മെക്കുറിച്ച് എന്താണ് ചിന്തിക്കുന്നത് എന്നതല്ല, ദൈവം നമ്മെക്കുറിച്ച് എന്താണ് പറയുന്നത് എന്നതാണ് പ്രധാനം. ഒടുവിൽ നല്ലത്, നല്ലവനും വിശ്വസ്തനുമായ ദാസൻ എന്ന് കർത്താവ് പറയും.

വിതെയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിപ്പാൻ തക്കവണ്ണം കൊയ്യുന്നവൻ കൂലി വാങ്ങി നിത്യജീവങ്കലേക്കു വിളവു കൂട്ടിവെക്കുന്നു (യോഹ:4:36). അങ്ങനെ നിങ്ങളോടു കല്പിച്ചതൊക്കെയും ചെയ്തശേഷം: ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ എന്നു നിങ്ങളും പറവീൻ(ലൂക്കോ:17:10). അവൻ വളരേണം, ഞാനോ കുറയേണം(യോഹ:3:30). ഞങ്ങൾ നട്ടാലും നനച്ചാലും കൊയ്ത്തിന്റെ യജമാനനായ കർത്താവായ യേശുക്രിസ്തുവാണ് വളർത്തുന്നത്!

ദർശന കൃത്യനിർവ്വഹണ ശുശ്രൂഷയിൽ ഞങ്ങളെ പിന്തുണച്ചാലും:

**1. സ്വമേധാ പ്രതിനിധി, പ്രയർ ഗ്രൂപ്പ് ചുമതലക്കാർ:**

1. പ്രാർത്ഥനയും വചനധ്യാനവും ക്രിസ്തീയ ജീവിതത്തിന്റെ ഒരു ഭാഗമാക്കിയിരിക്കുന്ന ആളുകളെ ഞങ്ങൾക്ക് ആവശ്യമാണ്.

2. സഭാ വിഭാഗം നോക്കാതെ ശുശ്രൂഷയിൽ പങ്കാളികളാകാൻ താല്പര്യമുള്ള ആളുകളെ ഞങ്ങൾക്ക് ആവശ്യമാണ്.

3. നിങ്ങൾ ആയിരിക്കുന്ന ഇടത്ത് വിശ്വവാണിയുടെ ഒരു സ്വമേധാ പ്രതിനിധിയായി പ്രയർ സെല്ലുകൾ രൂപീകരിക്കുന്നതിനും, ശുശ്രൂഷാ സഹകാരികളുടെ ഭവനങ്ങൾ സന്ദർശിച്ച് നല്ല ദാനങ്ങൾ സ്വീകരിച്ച് രസീത് നല്കി യഥാസമയം ഓഫീസിൽ എത്തിക്കുന്നതിനും സമർപ്പണമുള്ള ദൈവമക്കളെ ഞങ്ങൾക്ക് ആവശ്യമുണ്ട്.

4. ദർശന കൃത്യനിർവ്വഹണ പദ്ധതിയിൽ ഞങ്ങളോടൊപ്പം സ്വമേധാ പ്രവർത്തിക്കുന്നതിന് യുവതീ യുവാക്കളെ സ്വാഗതം ചെയ്യുന്നു

**2. ശുശ്രൂഷാ ചുമതല:**

1. വിശ്വവാണി വഞ്ചികയിലൂടെ നിങ്ങൾക്ക് ശുശ്രൂഷയുടെ ഭാഗമാകാൻ സാധിക്കും. ആറുമാസത്തിലൊരിക്കൽ നിങ്ങളുടെ ഭവനങ്ങൾ ഞങ്ങളുടെ പ്രവർത്തകർ സന്ദർശിച്ച് വഞ്ചികാ സമാഹരണം നടത്തുകയും അങ്ങനെ നിങ്ങളുടെ സംഭാവനകളിലൂടെ ശുശ്രൂഷയെ പിന്തുണയ്ക്കാൻ കഴിയും.

2. ശുശ്രൂഷയുടെ ഔദ്യോഗിക നാവായ സമർപ്പൺ മാസിക 12 ഭാഷയിൽ മാസന്തോറും പ്രസിദ്ധീകരിക്കുന്നു. മാസികയുടെ വാർഷിക വരിസംഖ്യയായ 100/- രൂപ നൽകി പ്രസിദ്ധീകരണ വിഭാഗത്തെ സഹായിച്ചാലും.

3. മാസന്തോറും 4000/- രൂപം വീതം നൽകി ഒരു ഗ്രാമത്തിലെ സുവിശേഷ പ്രവർത്തനത്തെ നിങ്ങൾക്ക് സഹായിക്കാൻ കഴിയും.

4. ആവശ്യത്തിലിരിക്കുന്ന ഗ്രാമങ്ങളിൽ ആരാധനാലയം നിർമ്മിച്ചു നൽകുന്നതിന് മുന്നോട്ടു വന്നാലും

5. ഈ ശുശ്രൂഷയ്ക്കായി പ്രാർത്ഥിക്കുന്നതിനും സാമ്പത്തികമായി സഹായിക്കുന്നതിനും നിങ്ങളുടെ കൂട്ടുവിശ്വാസികളെയും ബന്ധു മിത്രാധികളെയും ശുശ്രൂഷയെ പരിചയപ്പെടുത്തിയാലും.

**3. പൂർണ്ണസമയ പ്രവർത്തകർ**

1. 12-ാം ക്ലാസ്സ് ജയിച്ച 30 വയസ്സിനു താഴെ പ്രായമുള്ള രക്ഷിക്കപ്പെട്ടതും സമർപ്പണമുള്ളതുമായ യുവാക്കളെ പൂർണ്ണസമയ ശുശ്രൂഷയ്ക്കായി ആവശ്യമുണ്ട്.

2. ഭാരതത്തിലെ ദൈവമക്കളുടെ പ്രാർത്ഥനയാലും സാമ്പത്തിക സഹായത്താലും തദ്ദേശിയരായ പ്രവർത്തകരാൽ ഒരിക്കൽ പോലും യേശുവിനെക്കുറിച്ച് കേട്ടിട്ടില്ലാത്ത ഭാരതഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുക എന്നതാണ് ഞങ്ങളുടെ ദർശനം.

3. പൂർണ്ണസമയ പ്രവർത്തനത്തിനായി അപേക്ഷിക്കുന്നവർ കഠിനാദ്ധ്വാനം ചെയ്യാൻ മനസ്സുള്ളവരും ആത്മഭാരം ഉള്ളവരും ആയിരിക്കണം.

4. പൂർണ്ണസമയ പ്രവർത്തകർ ശുശ്രൂഷാ പ്രതിനിധികളുമായും സഭാ നേതൃത്വങ്ങളുമായും നല്ല ബന്ധം പുലർത്തുന്നവരായിരിക്കണം. കൂടാതെ സാമ്പത്തിക ഇടപാടുകളിൽ വിശ്വസ്തത പുലർത്തുന്നവരായിരിക്കണം.

**4. മിഷനറി ദർശന സഭ:**

1. ആരാധനാ മദ്ധ്യേ ശുശ്രൂഷയെക്കുറിച്ച് പങ്കുവെയ്ക്കാൻ അവസരം നൽകുന്നു

2. വയൽ സന്ദർശനങ്ങളിൽ യുവാക്കളെ പങ്കാളികളാക്കി ശുശ്രൂഷയിൽ അവരെ പ്രോത്സാഹിപ്പിക്കുക

3. ശുശ്രൂഷയ്ക്കായി ആത്മഭാരത്തോടെ പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്യുക

4. ആരാധനാലയം ആവശ്യമുള്ള ഗ്രാമങ്ങളിൽ സഭാംഗങ്ങളെ പങ്കാളികളാക്കി

സഭയുടെ പേരിൽ ആരാധനാലയം നിർമ്മിച്ചു നൽകുക

5. സഭയിലെ യുവാക്കളെ പൂർണ്ണസമയ ശുശ്രൂഷയ്ക്കായി ഒരുക്കിയെടുക്കുക

പ്രിയരേ, സുവിശേഷം പങ്കുവെയ്ക്കുക എന്ന കർത്താവിന്റെ മഹാനിയോഗം നിങ്ങളെ ഭാരപ്പെടുത്തുന്നുവെങ്കിൽ ഞങ്ങളുമായി ബന്ധപ്പെട്ടാലും.

**സുവിശേഷം എത്താത്ത ഗ്രാമങ്ങളിൽ സുവിശേഷവുമായി പുതിയ മിഷനറിമാർ**

ദൈവകൃപയാൽ ഗുജറാത്തിലെയും ആന്ധ്രാപ്രദേശിലെയും പരിശീലനകേന്ദ്രങ്ങളിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ 45 പുതിയ മിഷനറിമാർ 225 പുതിയ ഗ്രാമങ്ങളിൽ സുവിശേഷവുമായി പോകുന്നതിന് തയ്യാറായിരിക്കുന്നു. അവർ സുവിശേഷവുമായി പോകുന്ന ഗ്രാമങ്ങൾ സന്ധിക്കുന്നതിന് സഭകളെയും കുടുംബങ്ങളെയും ആവശ്യമാണ്. അടുത്ത ഘട്ടം പരിശീലനം ആരംഭിക്കേണ്ടതിനായും പ്രാർത്ഥിച്ചാലും.

**വിശ്വവാണി കുട്ടികളുടെ വി.ബി.എസ്സ്:**

വിശ്വവാണി ശുശ്രൂഷ നടക്കുന്ന 3277 ആരാധനാ കൂടിവരവുകളിൽ 26504 കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കുട്ടികൾക്കായുള്ള വി.ബി.എസ്സ് നടത്തുവാൻ പോകുന്നു. കുട്ടികൾക്ക് പുസ്തകങ്ങൾ, എഴുത്തു സാമഗ്രികൾ, ഭക്ഷണം എന്നിവ നൽകുന്നതിന് ഒരു കുട്ടിക്ക് 150/- രൂപ വെച്ച് 40 ലക്ഷം രൂപ ഇതിലേക്ക് ആവശ്യമാണ്. കുട്ടികളുടെ ഇടയിൽ നടക്കുന്ന ഈ ശുശ്രൂഷയെ സാമ്പത്തികമായി സഹായിക്കുന്നതിനായി മുന്നോട്ടു വന്നാലും. വിശ്വസ്തരായ പൗരന്മാരും വിശ്വാസികളും എന്ന നിലയിലുള്ള ഞങ്ങളുടെ പ്രാർത്ഥന യോസഫിന്റെ ഹൃദയമുള്ള നേതാക്കളെ ദൈവം നൽകണമെന്നാണ്. മോർദ്ദെഖായിയുടെയും എസ്ഥേറിന്റെയും പ്രാർത്ഥന കേട്ട ദൈവം നമ്മുടെ പ്രാർത്ഥനയ്ക്കും ഉത്തരം നൽകും. ഉപവസിക്കുകയും കണ്ണീരോടെ പ്രാർത്ഥിക്കുകയും ജൂൺ 4 വരെ തിരഞ്ഞെടുപ്പു ഫലങ്ങൾക്കായി കാത്തിരിക്കുകയും ചെയ്യാം. ദൈവത്തിന്റെ പൂർണ്ണമായ ഹിതം നിറവേറപ്പെടട്ടെ.

**നന്ദിയും ആശംസയും:**

1. വിശ്വവാണി ശുശ്രൂഷയ്ക്കായി പ്രാർത്ഥിക്കുകയും ഔദാര്യമായി നൽകുകയും ചെയ്യുന്ന എല്ലാ ശുശ്രൂഷാ സഹകാരികളോടുമുള്ള നന്ദി അറിയിക്കുന്നു.

2. ആരാധനാ മദ്ധ്യേ വചന സന്ദേശം നൽകുന്നതിനും ശുശ്രൂഷയെക്കുറിച്ച് പങ്കുവെയ്ക്കുന്നതിനും അവസരം നൽകിയ എല്ലാ സഭാ നേതൃത്വങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

3. ആരാധനാലയ നിർമ്മാണത്തിനായി സഹായിച്ചവരോടും വയലിലെ വിവിധ ആവശ്യങ്ങൾക്കായി കരങ്ങൾ നീട്ടിയവരോടുമുള്ള നന്ദി അറിയിക്കുന്നു.

ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ. തുടർന്നും ശുശ്രൂഷയ്ക്കായി പ്രാർത്ഥിച്ചാലും. ഞങ്ങളും നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

അങ്ങനെ യഹൂദ്യ, ഗലീല, ശമര്യ എന്നീ ദേശങ്ങളിൽ ഒക്കെയും സമാധാനം ഉണ്ടായി, അതു ആത്മീക വർദ്ധന പ്രാപിച്ചും കർത്താവിനോടുള്ള ഭക്തിയിലും പരിശുദ്ധാത്മാവിന്റെ പ്രബോധനയിലും നടന്നും പെരുകിക്കൊണ്ടിരുന്നു

(അ.പ്ര:9:31).

**ചെന്നൈ** **കർത്തൃശുശ്രൂഷയിൽ**

**12.4.24** **റവ.ഡോ.വിൽസൺ ജ്ഞാനകുമാർ**

# യേശുക്രിസ്തുവിന്റെ സുവിശേഷം - നടുന്നവൻ പ്രധാനമാണ്, നനയ്ക്കുന്നവൻ വളരെ പ്രധാനമാണ്, വളരുമാറാക്കുന്നവനാണ് ഏറ്റവും പ്രധാനം!

കർത്താവിൽ പ്രിയരേ,

കർത്താവായ യേശുക്രിസ്തുവിൽ സന്തോഷിക്കുന്ന ഒരാളായും എല്ലാ ദിശകളിലും സുവിശേഷം വ്യാപിക്കുവാൻ ഹൃദയങ്ങളെ ഉറപ്പിച്ചിരിക്കുന്ന ഒരാളായും മറ്റുള്ളവർ നിങ്ങളെ അംഗീകരിച്ചേക്കാം. മുകളിൽ പറഞ്ഞിരിക്കുന്ന തലക്കെട്ടിന് അടിസ്ഥാനമാക്കി ചില ചിന്തകൾ പങ്കിടുവാൻ ആഗ്രഹിക്കുന്നു.

യേശുക്രിസ്തുവിന്റെ സുവിശേഷം ഒരുവന്റെ ജീവിതത്തിന് വലിയ പ്രാധാന്യവും അനുഗ്രഹവുമാണെന്ന് സ്വയം അറിയുന്നവരാണ് സുവിശേഷം ഘോഷിക്കുന്നവർ!

സുവിശേഷം ഘോഷിക്കുന്നവരെ രണ്ടായി തരം തിരിക്കാൻ കഴിയും.

1. നടുന്നവർ - അവർ പ്രധാനപ്പെട്ടവരാണ്!
2. നനയ്ക്കുന്നവർ - അവർ വളരെ പ്രധാനപ്പെട്ടവരാണ്!

അതെ, സുവിശേഷ വേലയിൽ നടുന്നവർ പ്രധാനപ്പെട്ടവരാണ്!

പ്രധാനപ്പെട്ട ആളുകളായിരിക്കുക എന്നതിന്റെ അർത്ഥമെന്താണ്?

പ്രധാനപ്പെട്ട കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവർ എന്നാണ്

അവർ ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രാധാന്യമുള്ളവരായിത്തീരുന്നു!

1 കൊരി:3:6ൽ ഞാൻ നട്ടു എന്നു പൗലോസ് പറയുമ്പോൾ

സുവിശേഷവേലയിൽ നടുവാനുള്ള പൗലോസിന്റെ പങ്കിനെക്കുറിച്ച്

അവന്റെ ധാരണയെ സൂചിപ്പിക്കുന്നു.

പൗലോസ് ദൈവത്തിന് എത്ര പ്രാധാന്യമുള്ളവനായിരുന്നു എന്ന് ദൈവം പറയുന്നു(അ.പ്ര:9:15,16)!

എന്താണ് സന്ദേശം?

മനുഷ്യൻ പാപിയാണ്, അവന് ഒരു രക്ഷകൻ ആവശ്യമാണ്,

ആ രക്ഷകൻ യേശുക്രിസ്തുവാണ്!

ലോകത്തിന്റെ വീക്ഷണത്തിൽ ഈ സന്ദേശം നിസ്സാരമായി കാണപ്പെടും

എന്നാൽ ഈ സന്ദേശം മാനവരാശിക്ക് പ്രധാനമാണ്!

മനുഷ്യനെ പാപി എന്നു വിളിച്ചാൽ അവർ കോപത്തോടെ പ്രതികരിക്കും.

യേശു മാത്രമാണ് രക്ഷകൻ എന്നു കേൾക്കുമ്പോൾ പലരും പ്രകോപിതരാകും.

മനുഷ്യന് ചീത്ത ചിന്തകളും വാക്കുകളും,

ജഡമോഹം, തെറ്റായ പ്രവൃത്തികൾ, മോശമായ സ്വഭാവം,

രഹസ്യത്തിലുള്ള തെറ്റായ പെരുമാറ്റങ്ങൾ ഇവ ഉള്ളപ്പോൾ

അവന് സ്വയം വിശുദ്ധനെന്നോ പരിശുദ്ധനെന്നോ വിളിക്കാൻ കഴിയുകയില്ല!

അമാലേക്യരുടെ ഇടയിൽ യിസ്രായേല്യരെ നട്ടു പിടിപ്പിക്കുവാൻ യോശുവാ എഴുന്നേറ്റു

മിശിഹയുടെ വരവിനുവേണ്ടി വിത്ത് പാകാൻ യോശുവ യുദ്ധക്കളം ഒരുക്കി!

മോശെ, അഹരോൻ, ഹൂര് എന്നിവർ കുന്നിൻ മുകളിൽ കയറി

യോശുവയ്ക്കുവേണ്ടി അവർ കണ്ണീരൊഴുക്കി!

യോശുവ ഒരു പ്രധാന മനുഷ്യനായിരുന്നു!

എന്നാൽ മോശെ, അഹരോൻ, ഹൂര് എന്നീ മൂന്നുപേർ വളരെ പ്രധാനപ്പെട്ടവരായിത്തീർന്നു!

എന്തുകൊണ്ട്?

അവർ നനച്ചപ്പോൾ, യോശുവയ്ക്ക് വിജയിക്കാൻ കഴിഞ്ഞു.

അവർ പിന്മാറുമ്പോൾ യോശുവ തോറ്റുപോകുന്നു!

പൗലോസ് നട്ടു – അവൻ ഒരു പ്രധാനപ്പെട്ട മനുഷ്യൻ!

അപ്പല്ലോസ് നനച്ചു – അവൻ വളരെ പ്രധാനപ്പെട്ട മനുഷ്യൻ!

അപ്പല്ലോസ് എന്നാൽ നശിപ്പിക്കുന്നവൻ അല്ലെങ്കിൽ തകർക്കുന്നവൻ എന്നാണ്!

എന്നാൽ പൗലോസ് നട്ടതിനെ നനയ്ക്കുവാൻ പരിശുദ്ധാത്മാവ് അവനെ ഉപയോഗിച്ചു!

പൗലോസ് പറഞ്ഞ ചില കാര്യങ്ങൾ ഗ്രഹിക്കാൻ പ്രയാസമായിരുന്നു

(2 പത്രോ:3:16)

എന്നാൽ കാര്യങ്ങൾ അനായാസമായി വിശദീകരിക്കാനുള്ള കഴിവ് അപ്പൊല്ലോസിന് ഉണ്ടായിരുന്നു

പൗലോസ് പോകുന്നിടത്തെല്ലാം പോയി പൗലോസിന്റെ സന്ദേശങ്ങൾ അപ്പൊല്ലോസ് വിശദീകരിച്ചിരുന്നു.

1കൊരി:3:6 ൽ പൗലോസ് പറയുന്നത്

തന്നെ കളിയാക്കുകയോ മോശമായി സംസാരിക്കയോ ചെയ്യുന്ന ഒരു വ്യക്തിയല്ല അപ്പൊല്ലോസ്

അപ്പൊല്ലോസ് തന്റെ ശുശ്രൂഷയെ മറ്റൊരുത്തന്റെ അടിസ്ഥാനത്തിന്മേൽ പണിയുകയായിരുന്നില്ല

നട്ടത് വളരുന്നതിന് വേണ്ടി അവൻ നനച്ചു – അതിനാൽ അവൻ വളരെ പ്രധാനമാണ്!

- യോശുവ നട്ടത്
  മോശെ, അഹരോൻ, ഹൂര് എന്നീ മൂന്നു പേർ നനച്ചു!
- പൗലോസ് നട്ടത്
  അപ്പൊല്ലോസും മറ്റ് 30 പേരും കൂടി നനച്ചു!

റോമ:16-ാം അദ്ധ്യായത്തിൽ അവരിൽ ചിലരെക്കുറിച്ച് പ്രതിപാദിക്കുന്നു!

അവരെല്ലാവരും വളരെ പ്രധാനപ്പെട്ടവരായിരുന്നു!

ഫേബയും, ദമ്പതികളായ അക്വിലയും പ്രിസ്ക്കില്ലയും ഉൾപ്പെടെ എല്ലാവരും പൗലോസ് നട്ടതിനെ ആവശ്യമായ അളവിൽ നനച്ചു!

അവർ വലിയ സഹായമായിരുന്നു!

അവന്റെ മനഃസാക്ഷി അവനെ കുത്തുന്നു
പാപ മനഃസാക്ഷിയുള്ള ആളുകൾ പാപികളാണ്!
റോമ:3:12 ൽ പറയുന്നത് എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു: നന്മ ചെയ്യുന്നവനില്ല, ഒരുത്തൻപോലും ഇല്ല!
തിരുവചനത്തിൽ പിന്നെയും പറയുന്നു
പാപികളെ രക്ഷിക്കാൻ യേശുക്രിസ്തു ലോകത്തിൽ വന്നു!
ഈ രഹസ്യം അറിയാവുന്നവരും ഈ വെളിപ്പാടു ലഭിച്ചവരും
ദൈവത്തിന്റെ കൃപകളെ ഘോഷിക്കുന്നതിനും അവനെ സ്തുതിക്കുന്നതിനും ആവശ്യത്തിലിരിക്കുന്ന ഇടങ്ങളിൽ അവരുടെ പാദങ്ങൾ വെയ്ക്കും(യെശ:6:7)
ഒരു യഹൂദനെ നേടേണ്ടതിന് യഹൂദനെപ്പോലെയും
ഒരു യവനനെ നേടേണ്ടതിന് യവനനെപ്പോലെയും
സ്വയം വിനയാന്വീതനനായി നാശമില്ലാത്ത വിത്ത് നട്ടുപിടിപ്പിക്കുന്ന ആളുകൾ പ്രധാനമാണ്!
ലോകം അവരെ നോക്കിയിട്ട് കാര്യമില്ല
എന്നാൽ സ്വർഗ്ഗത്തിലെ മാലാഖമാർ അവരെ നോക്കുന്നു(1പത്രോ:1:12)
പരിശുദ്ധാത്മാവ് നിർദ്ദേശിക്കുന്ന ഇടങ്ങളിലേക്ക് അവർ പോകുന്നു
വാതിലുകൾ തോറും ചെന്ന് സുവിശേഷം മുഖാമുഖം പ്രസംഗിക്കുന്നു!
അവർ വനങ്ങളിലേക്കും, മലനിരകളിലേക്കും, മരുഭൂമികളിലേക്കും, നഗരങ്ങളിലേക്കും, ഗ്രാമങ്ങളിലേക്കും, ദ്വീപുകളിലേക്കും പോകുന്നു!
കാലാവസ്ഥയോ ഭക്ഷണത്തെയോ അവർ കാര്യമാക്കുന്നില്ല!
അവിടെ കടകൾ, കുട്ടികൾക്ക് പഠിക്കാൻ സ്കൂളുകൾ, മെഡിക്കൽ സൗകര്യങ്ങൾ, റോഡുകൾ, കുടിവെള്ളം എന്നിവ ഉണ്ടെങ്കിൽ എന്ന് അവർ വിഷമിക്കുന്നില്ല!
അംഗീകരിക്കാനോ എതിർക്കാനോ അവർ ഒരിക്കലും ധർമ്മസങ്കടത്തിൽ അകപ്പെടില്ല!
നീ പോക; ഞാൻ നിന്നെ ദൂരത്ത് ജാതികളുടെ അടുക്കൽ അയയ്ക്കും എന്ന പരിശുദ്ധാത്മാവിന്റെ ശബ്ദം കേട്ട് അവർ തിടുക്കത്തിൽ ഓടുന്നു(അ.പ്ര:22:21)!
അതെ, അവർ നടുന്നു, അവർ മനുഷ്യരുടെ ഹൃദയങ്ങളെ സ്പർശിക്കുന്നു – അതിനാൽ അവർ പ്രധാനപ്പെട്ടവരാണ്!
അവർ അഹരോൻ എന്നു വിളിക്കപ്പെടും
– അതിനാൽ അവർ പ്രധാനപ്പെട്ടവരാണ്!
യെശയ്യാവിനെപ്പോലെ അവർ ദൈവത്തിന്റെ ശബ്ദം കേട്ടിരിക്കുന്നു – അതിനാൽ, അവർ പ്രധാനപ്പെട്ടവരാണ്!
പ്രിയരേ, നടുന്നവർ യുവാക്കളാണ്!
പത്രോസ് ഒഴികെ മറ്റു 11 ശിഷ്യന്മാർ 30 വയസ്സിൽ താഴെയുള്ളവരായിരുന്നു!
അവർ നിരക്ഷരരായിരുന്നു!– എന്നാൽ
അവർ ദൈവാധി ദൈവത്തിന് പ്രധാനപ്പെട്ടവരായിരുന്നു!
**സുവിശേഷ വേലയിൽ നനയ്ക്കുന്നവർ വളരെ പ്രധാനപ്പെട്ടവരാണ്!**
തുടർന്ന് പുറ:17:8–12 വരെയുള്ള വേദഭാഗത്ത്

അവർ പൗലോസിനുവേണ്ടി തങ്ങളുടെ ജീവൻ പണയപ്പെടുത്തി! (റോമ:16:4)
അവർ വളരെ പ്രധാനപ്പെട്ട വ്യക്തികളായിരുന്നു!
സുവിശേഷ വേലയിൽ, നടുന്നവൻ പ്രധാനപ്പെട്ടവനാണ്
നനയ്ക്കുന്നവൻ വളരെ പ്രധാനപ്പെട്ടവനാണ്-എന്നാൽ വളരുമാറാക്കുന്ന ദൈവം ഏറ്റവും പ്രധാനപ്പെട്ടവനാണ്!
അവൻ പറഞ്ഞു, എന്നെ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴിയില്ല( യോഹ:15:5) - അതിനാൽ ദൈവമാണ് ഏറ്റവും പ്രധാനപ്പെട്ടത്!

യേശുവിൽ അല്ലാതെ മറ്റാരിലൂടെയും രക്ഷ കണ്ടെത്താനാവുകയില്ല എന്ന് അ.പ്ര:4:12 ൽ പറയുന്നു - അതിനാൽ
അവൻ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണ്!
ഈ മുടന്തനെ ഞങ്ങളുടെ സ്വന്ത ശക്തികൊണ്ടോ, ദൈവഭക്തികൊണ്ടോ സൗഖ്യമാക്കിയതല്ല.
യേശുവിന്റെ നാമം ഇതു ചെയ്തു - അതിനാൽ അവൻ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണ്!
ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ മനുഷ്യപുത്രന് അധികാരമുണ്ട്(ലൂക്കോ:5:24) -അതിനാൽ
അവൻ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണ്!
സത്യത്തിന് പ്രതികൂലമായി ഞങ്ങൾക്ക് ഒന്നും ചെയ്യാൻ കഴികയില്ല(2 കൊരി:13:8)-അതിനാൽ
അവൻ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണ്!
സങ്കീ:127:1 ൽ സങ്കീർത്തനക്കാരൻ പറയുന്നു, യഹോവ വീടു പണിയാതിരുന്നാൽ, പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു - അതിനാൽ
അവൻ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണ്!
സ്വർഗ്ഗം ഘോഷിച്ചു
യഹോവേ, മനുഷ്യന്നു തന്റെ വഴിയും നടക്കുന്നവന്നു തന്റെ കാലടികളെ നേരെ ആക്കുന്നതും സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു(യിര:10:23)- അതിനാൽ
അവൻ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണ്!
പൗലോസ് പറഞ്ഞു, അതുകൊണ്ടു ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രേ സകലവും സാധിക്കുന്നത്(റോമ:9:16)- അതിനാൽ
ക്രിസ്തു ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണ്!
പിതാവും, പുത്രനും, പരിശുദ്ധാത്മാവും ഏറ്റവും പ്രധാനപ്പെട്ട വ്യക്തികളാണ്!
ദൈവം പറഞ്ഞു, ഞാൻ ഏശാവിനെക്കാൾ യാക്കോബിനെ സ്നേഹിക്കുന്നു
എന്തുകൊണ്ട്?
അവൻ പറഞ്ഞു: ഞാൻ യാക്കോബിനെ സ്നേഹിക്കുന്നു
എന്തുകൊണ്ട്?
-യാക്കോബ് പല തെറ്റുകൾ ചെയ്തിരുന്നെങ്കിലും ദൈവത്തോട്

അടുത്തു വരുന്നതിന് അവന്റെ ഹൃദയം ആഗ്രഹിച്ചു!

എന്നാൽ ഏശാവിന് അതില്ലായിരുന്നു!

അവൻ അനുഗ്രഹത്തിനായി ദൈവത്തോട് മല്ലുപിടിച്ചു

എന്നാൽ ഏശാവു തന്നോടു തന്നെ മല്ലുപിടിച്ചു!

- ദൈവം വിശ്വസ്തനോടു വിശ്വസ്തൻ, നിഷ്ക്കളങ്കനോട് നിഷ്ക്കളങ്കൻ, ദരിദ്രനോട് ദരിദ്രൻ, വക്രനോട് വക്രൻ ആകുന്നു.

**യേശുക്രിസ്തുവിന്റെ സുവിശേഷം നടുന്നവർ ആരാണ്?**

തങ്ങളുടെ ഹൃദയം യേശുവിന്റേതാണെന്ന് ഉടമ്പടി ചെയ്ത എല്ലാവരും!

നനയ്ക്കുന്നവർ ആരാണ്?

സുവിശേഷം ഘോഷിക്കുന്നവരെ സ്നേഹിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്ന എല്ലാവരും-

പൂർണ്ണ സമയ പ്രവർത്തകർ, പാസ്റ്റർമാർ, സുവിശേഷ പ്രസംഗകർ, സ്വതന്ത്രരായ സുവിശേഷ പ്രവർത്തകർ!

പ്രിയരേ,

ഭാരത ഗ്രാമങ്ങളെക്കുറിച്ച് ഭാരമുള്ളവരും ഗ്രാമങ്ങളെ ദത്തെടുത്തവരുമായ നിങ്ങൾ

കർത്താവിന്റെ വേലയിൽ പ്രധാനപ്പെട്ടവരും വളരെ പ്രധാനപ്പെട്ടവരുമായി മാറുകയാണെങ്കിൽ

യേശുക്രിസ്തു നിങ്ങൾക്കും കുടുംബത്തിനും ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയായി മാറും!

നിങ്ങളുടെ പങ്ക് സമൃദ്ധിക്കു മീതെ സമൃദ്ധിയായി നിറയും,

**ആമേൻ!**

## ഒരു പ്രാർത്ഥന

സകലതും അറിയുന്നവനും സൂക്ഷിക്കുന്നവനുമായ

സർവ്വശക്തനായ ദൈവമേ,

തലമുറകൾ വന്നു പോകുന്നത്

നിനക്ക് മാത്രമേ അറിയൂ.

ഈ ഭൂമിയിലെ ഞങ്ങളുടെ നാളുകൾ നിനക്കു മാത്രമേ അറിയൂ!

കർത്താവു പറഞ്ഞു: ഞാൻ സ്നേഹിക്കാൻ ആഗ്രഹിക്കുന്നവരെ ഞാൻ സ്നേഹിക്കും

കർത്താവേ,

ഞങ്ങളെ എല്ലാവരെയും സ്നേഹിക്കുകയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ.

ഞങ്ങൾ ധാരാളം തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിലും

നല്ല ആരോഗ്യവും, ആയുസ്സും, ബലവും

ജോലിയിൽ ഉന്നത സ്ഥാനവും, ഉചിതമായ വരുമാനവും

സന്തോഷവും, സമാധാനവും

ഭവനത്തിൽ കുട്ടികളെയും, കുട്ടികളുടെ ഇടയിൽ ഐക്യവും,

അനുഗ്രഹിക്കപ്പെട്ട ഭാവി തലമുറകളെയും, ഞങ്ങളുടെ ഭവനത്തിന് ദൂതന്മാരാലുള്ള സംരക്ഷണവും, ഞങ്ങൾ പുറത്തുപോകുമ്പോഴും അകത്തു കടക്കുമ്പോഴും ദൈവീക സാന്നിധ്യവും സംരക്ഷണവും,

അങ്ങയുടെ ശുശ്രൂഷയിൽ നടുവാനോ നനയ്ക്കുവാനോ ഉള്ള ഒരു പങ്കാളിത്തവും ഞങ്ങൾക്ക് നൽകണമെന്ന് ഞങ്ങൾ അങ്ങയോടു പ്രാർത്ഥിക്കുന്നു.

തലമുറയായി ഞങ്ങളെയും ഞങ്ങളുടെ കുടുംബാംഗങ്ങളെയും നടത്തിയാലും.

ഞങ്ങളുടെ പ്രാർത്ഥന ശ്രദ്ധവെച്ചു കേട്ടതിനായി സ്തോത്രം.

യേശുക്രിസ്തുവിന്റെ നാമത്തിൽ **ആമേൻ!**

# ചെയർമാന്റെ കത്ത്.....

വിശ്വവാണി സമർപ്പൺ മാസിക ലഭിക്കുകയും ശ്രദ്ധാപൂർവ്വം വായിക്കുയും അതിലെ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്ന കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാർക്ക്,

പിതാവായ ദൈവത്തിൽ നിന്നും രക്ഷകനായ യേശുക്രിസ്തുവിൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ.

ഭാരതത്തിലെ ജമ്മുകാശ്മീർ മുതൽ കന്യാകുമാരിവരെയും ഗുജറാത്ത് മുതൽ മണിപ്പൂർ വരെയും യേശുക്രിസ്തു കർത്താവും രക്ഷകനുമാണെന്ന് ഘോഷിക്കുവാൻ ഞങ്ങൾക്ക് അവസരം നൽകിയ ദൈവത്തിന് നന്ദി കരേറ്റുന്നു(അ.പ്ര:5:31).

വടക്കെ ഇന്ത്യയിലെ ജമ്മുകാശ്മീർ, പഞ്ചാബ്, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ട് എന്നീ സംസ്ഥാനങ്ങളിലെ ശുശ്രൂഷകളെക്കുറിച്ച് പങ്കുവെയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**സംസ്ഥാനങ്ങളെക്കുറിച്ചുള്ള അവലോകനം...**

ഝലം, ചേനാബ്, രവി എന്നീ നദികൾ ജമ്മുകാശ്മീരിന്റെ അതിർത്തികളായ മലകളെയും താഴ്‌വരകളെയും സമതലങ്ങളെയും സമ്പുഷ്ടമാക്കുന്നു. 20 ജില്ലകളുള്ള ഈ സംസ്ഥാനത്ത് 1 കോടി 22 ലക്ഷം ആളുകൾ അധിവസിക്കുന്നു. കാശ്മീരി, ദോഗ്രി, ഹിന്ദി, ഉർദു എന്നീ ഔദ്യോഗിക ഭാഷകളും കാശ്മീർ, ഗോഗ്ജി, പഹാഡി, പഞ്ചാബി, ഭദാർവാഹി, സാരസി, ഖോവാർ, ഷിന, ബുരുഷാസ്കി, ബതേരി എന്നീ പ്രാദേശിക ഭാഷകളും അവർ സംസാരിക്കുന്നു. ഈ സംസ്ഥാനം സമുദ്രനിരപ്പിൽ നിന്നും 23,409 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. നൂൺ കൂൻ മല നിരകൾ ഇവിടെ സ്ഥിതി ചെയ്യുന്നു.

ഭാരതത്തിലെ മലനിരകളിൽ സ്ഥിതി ചെയ്യുന്ന 13 സംസ്ഥാനങ്ങളിൽ ഒന്നാണ് ഹിമാചൽ പ്രദേശ്. ഹിമാലയത്തിന്റെ പടിഞ്ഞാറു ഭാഗത്താണ് ഈ സംസ്ഥാനം. 13 ജില്ലകളുള്ള ഈ സംസ്ഥാനത്തെ ജനസംഖ്യ 68,64,000 ആണ്. 20,934 ഗ്രാമങ്ങളുള്ള ഈ സംസ്ഥാനത്തിന്റെ തലസ്ഥാനം ഷിംലയാണ്. 86.6 ശതമാനത്തിലധികം വിദ്യാഭ്യാസമുള്ള ആളുകൾ ഹിമാചലി, ഹിന്ദി, കിന്നൗരി എന്നീ ഭാഷകൾ സംസാരിക്കുന്നു.

ഇന്ത്യയിലെ ഏറ്റവും വലിയ ഭൂപ്രകൃതിയുള്ള 19-ാമത്തെ സംസ്ഥാനമാണ് പഞ്ചാബ്. സിന്ധു നദിയുടെ പോഷകനദികളായ സത്‌ലജ്, ബിയാസ്, രവി എന്നീ നദികൾ ഇതിലൂടെ ഒഴുകുന്നു. പഞ്ചാബിലെ ജനസംഖ്യയുടെ 2കോടി 77 ലക്ഷം ആളുകളിൽ 37.48% നഗരപ്രദേശങ്ങളിലും 62.52% ഗ്രാമങ്ങളിലുമാണ്. പഞ്ചാബിൽ 13,807 ഗ്രാമങ്ങളുണ്ട്.

ഉത്തരാഖണ്ട് എന്നാൽ വടക്കെൻ പ്രദേശം എന്നാണ് അർത്ഥം. ഗഢ്വാൽ, കുമാവോൻ എന്നീ രണ്ടു പ്രവിശ്യകളുണ്ട്. ഈ സംസ്ഥാനത്തിന് 17 ജില്ലകളും 17,033 ഗ്രാമങ്ങളും ഒരു കോടിയിലധികം ജനങ്ങളും ഉണ്ട്. ഇതിന്റെ 86% മലനിരകളും 65% വനങ്ങളുമാണ്. സംസ്ക്കാരം, ഭക്ഷണശീലങ്ങൾ, കാലാവസ്ഥ, ഭാഷ, ഉത്സവങ്ങൾ ആഘോഷിക്കുന്ന രീതി എന്നിവയിൽ അവർ വേറിട്ടു നിൽക്കുന്നു. സാമ്പത്തിക വളർച്ചയിൽ ഉത്തരാഖണ്ട് രണ്ടാം സ്ഥാനത്ത് നിൽക്കുന്നു.

**ശുശ്രൂഷയെക്കുറിച്ചുള്ള ഒരു അവലോകനം....**

ഈ നാലു സംസ്ഥാനങ്ങളിലെ ശുശ്രൂഷയിൽ 320 തദ്ദേശീയരായ മിഷനറിമാരെ ദൈവം ശക്തമായി ഉപയോഗിക്കുന്നു.

| States | Fields | Ministry Villages | Worship Groups | Constructed Churches | Churches to be Constructed |
|---|---|---|---|---|---|
| ജമ്മുകാശ്മീർ | 40 | 225 | 90 | 7 | 5 |
| ഹിമാചൽപ്രദേശ് | 42 | 223 | 109 | 6 | 12 |
| പഞ്ചാബ് | 51 | 268 | 182 | 16 | 15 |
| ഉത്തരാഖണ്ട് | 40 | 210 | 68 | 5 | 5 |

ഞങ്ങളുടെ ദർശനം അനുസരിച്ച് 8000 ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുന്നതിന് 1600 പൂർണ്ണസമയ പ്രവർത്തകരായ മിഷനറിമാരെ ആവശ്യമാണ്. നിലവിൽ 320 മിഷനറിമാർ ശുശ്രൂഷയിലായിരിക്കുന്നു. ഈ 4 സംസ്ഥാനങ്ങളിലെ വിശ്വവാണി ശുശ്രൂഷയുടെ ഹെഡ് ഓഫീസ് പഥാൻകോട്ടാണ്. ഇവിടെ ശുശ്രൂഷയ്ക്ക് ഒരു പരിശീലന കേന്ദ്രം ആവശ്യമാണ്. അതിനാൽ, 1 എക്കർ സ്ഥലം വാങ്ങി 5000 ച.അടി വിസ്തീർണ്ണമുള്ള ഒരു പരിശീലനകേന്ദ്രം നിർമ്മിക്കാൻ ആഗ്രഹിക്കുന്നു. ദൈവകൃപയാൽ 8 പരിശീലന കേന്ദ്രങ്ങൾ വിവിധ സംസ്ഥാനങ്ങളിലായി നമുക്കുണ്ട്. ഈ പരിശീലന കേന്ദ്രങ്ങളിലൂടെ ശുശ്രൂഷ വർദ്ധിച്ചു വരുന്നു. നമ്മുടെ ശുശ്രൂഷാ സഹകാരികൾ വയൽ സന്ദർശനം നടത്തുമ്പോൾ അവർക്ക് താമസിക്കുന്നതിന് ഈ പരിശീലന കേന്ദ്രങ്ങൾ വളരെ സഹായകമാണ്.

ഈ സംസ്ഥാനങ്ങളിലെ ശുശ്രൂഷകളെ സാമ്പത്തികമായി സഹായിക്കുന്നത് സൗത്ത് തമിഴ്നാട്ടിലെ ദൈവമക്കളാണ്. ഈ സാമ്പത്തികവർഷം പഥാൻകോട്ടെ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്. സ്ഥലം വാങ്ങുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കുമായി 50 ലക്ഷം രൂപ ആവശ്യമാണ്. അതിൽ 5000 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 1 കോടി രൂപ ആവശ്യമാണ്. അങ്ങനെ പ്രസ്തുത ആവശ്യത്തിലേക്ക് 1കോടി 50 ലക്ഷം രൂപ ലഭിക്കേണ്ടതുണ്ട്.



വടക്കെ ഇന്ത്യയിലെ ദൈവമക്കളിലൂടെ സ്ഥലം വാങ്ങുന്നതിനും തെക്കെ ഇന്ത്യയിലെ വിശ്വാസികളിലൂടെ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള ഫണ്ട് സ്വരൂപിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഞങ്ങൾ. ദൈവം അത് സാധിപ്പിച്ചു തരും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ പരിശീലന കേന്ദ്രം വടക്കെ ഇന്ത്യയിലെ മിഷനറിമാരെ പരിശീലിപ്പിക്കുന്നതിനും തെക്കെ ഇന്ത്യയിലെ വിശ്വാസികൾക്ക് വയൽ സന്ദർശനത്തിനായി വരുമ്പോൾ താമസിക്കുന്നതിനും പ്രയർ ക്യാംപുകൾ നടത്തുന്നതിനും ഉപയോഗിക്കാം. പരിശീലന കേന്ദ്രത്തിന് സ്ഥലം വാങ്ങുന്നതിനും കെട്ടിട നിർമ്മാണത്തിലും പങ്കാളികളാകുന്നതിന് ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു.

എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു

(ഫിലി:4:13)

**ഹൈദരബാദ്** **കർത്തൃശുശ്രൂഷയിൽ**

**13-04-24** **സഹോ.പി.സെൽവരാജ്**

# കേരളത്തിൽ നിന്നും....

സഹോ.ബിജു വർഗീസ്, സ്റ്റേറ്റ് കോഓർഡിനേറ്റർ

ദൈവനാമത്തിനു മഹത്വം ഉണ്ടാകട്ടെ.

എല്ലാ ശുശ്രൂഷാ സഹകാരികൾക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

2024-2025 സാമ്പത്തിക വർഷത്തിന്റെ 2-ാം മാസത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം നമ്മെ സഹായിച്ചു. ശുശ്രൂഷയിലെയും നമ്മുടെ കുടുംബങ്ങളിലെയും സാമ്പത്തിക മേഖലകളിൽ ഞെരുക്കം കൂടാതെ നമ്മെ നടത്തിയ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. 23-24 സാമ്പത്തിക വർഷം ശുശ്രൂഷയിൽ വ്യാപരിച്ച ദൈവകൃപകൾക്കായി ദൈവത്തെ സ്തുതിക്കുന്നു. മെയ് മാസം സമർപ്പൺ മാസിക യേശുക്രിസ്തുവിന്റെ സുവിശേഷം - നടുന്നത് ആര്? നനയ്ക്കുന്നത് ആര്? വളരുമാറാക്കുന്നത് ആര്? എന്ന തലക്കെട്ടോടെ നിങ്ങളുടെ കരങ്ങളിലെത്തിക്കുവാൻ സാധിച്ചതിൽ സന്തോഷിക്കുന്നു. പ്രസിദ്ധീകരണ വിഭാഗത്തിനായി പ്രാർത്ഥിക്കുന്നതോടൊപ്പം വാർഷിക വരിസംഖ്യ ആയ 100/- രൂപ അടച്ച് പ്രസിദ്ധീകരണ വിഭാഗത്തെ സഹായിച്ചാലും.

ഈ ലക്കം സമർപ്പണർ മാസികയിൽ 1കൊരി:3:6 അടിസ്ഥാനമാക്കിയുള്ള ചിന്തകളാണ് പങ്കുവെച്ചിരിക്കുന്നത്. അപ്പോസ്തൊലനായ പൗലോസ് സുവിശേഷത്തെക്കുറിച്ച് പറയുന്നത്, ഞാൻ നട്ടു, അപ്പൊല്ലോസ് നനെച്ചു, ദൈവമത്രേ വളരുമാറാക്കിയത്. തുടർന്ന് 7-ാം വാക്യത്തിൽ നടുന്നവനും നനെക്കുന്നവനുമല്ല പ്രാധാന്യം, പിന്നെയോ വളരുമാറാക്കുന്ന ദൈവത്തിനാണ് പ്രാധാന്യം എന്നു പറയുന്നതായി കാണാം. വിശ്വവാണിയിലൂടെ നടക്കുന്ന ഭാരതസുവിശേഷീകരണത്തിലും ഇതേ ദർശനമാണ് ഉൾക്കൊള്ളുന്നത്. മിഷനറിമാർ സുവിശേഷം എത്തിയിട്ടില്ലാത്ത ഗ്രാമങ്ങളിൽ ദൈവവചനമാകുന്ന വിത്ത് വിതറുന്നു. ഭാരതത്തിലെ ദൈവമക്കളുടെ കണ്ണുനീരോടുകൂടിയ പ്രാർത്ഥനയും കൈത്താങ്ങലും അതിനെ നനെയ്ക്കുന്നു. എന്നാൽ അത് വളരുമാറാക്കുന്നത് സർവ്വശക്തനായ ദൈവമാണ്. ദൈവത്തിന്റെ കരം പ്രവർത്തിക്കുന്നില്ലെങ്കിൽ സങ്കീ:127:1 ൽ പറയുന്നതുപോലെ മനുഷ്യരുടെ അദ്ധ്വാനം വൃഥാ ആയിത്തീരുന്നു. ഈ നാളുകളിൽ ദൈവമക്കളുടെ കണ്ണുനീരും പ്രാർത്ഥനയും ഭാരതഗ്രാമങ്ങളിൽ പ്രതികൂലങ്ങളുടെ മധ്യത്തിലും സുവിശേഷം നടുവാൻ മിഷനറിമാർക്ക് ശക്തി ലഭിക്കുകയും ദൈവത്തിന്റെ കരം അവരോടുകൂടെയുള്ളതുകൊണ്ട് ആത്മാക്കളുടെ കൊയ്ത്ത് അഥവാ ശുശ്രൂഷയിൽ വളർച്ച ഉണ്ടാകുകയും ചെയ്യുന്നു. പിന്നെയും അപ്പോസ്തൊലനായ പൗലോസ് 8-ാം വാക്യത്തിൽ പറയുന്നു, നടുന്നവനും നനെയ്ക്കുന്നവനും ഒരുപോലെ; ഓരോരുത്തന്നു താന്താന്റെ അദ്ധ്വാനത്തിന്നു ഒത്തവണ്ണം കൂലി കിട്ടും. സുവിശേഷം ഘോഷിക്കുന്ന മിഷനറിമാരുടെ പിന്നിൽ ഈ വലിയ പ്രത്യാശയോടെ നമുക്ക് നിൽക്കാം. 1പത്രോ:5:4ൽ ഇപ്രകാരം വായിക്കുന്നു, എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും. അതേ പ്രിയരേ, നാം കർത്താവിന്റെ വേലയ്ക്കായി ചെലവിടുന്നത് വൃഥാവല്ല. സുവിശേഷം എത്താത്ത ഇടങ്ങളിൽ യേശുക്രിസ്തുവിന്റെ സുവിശേഷം അതിവേഗം വ്യാപിക്കുന്നു. നമുക്കൊരു പ്രതിഫലം നിശ്ചയമായും ഉള്ളതുകൊണ്ട് തുടർന്നും

കർത്താവിന്റെ വേലയിൽ സന്തോഷത്തോടെ ചുമൽ നൽകാം..

2024 ഏപ്രിൽ മാസം 3,4,5 തീയതികളിൽ എറണാകുളത്തുവെച്ചു നടന്ന പ്ലാനിംഗ് മീറ്റിംഗ് വളരെ അനുഗ്രഹമായിരുന്നു. തമിഴ്നാട്ടിലെയും കേരളത്തിലെയും പ്രമോഷണൽ പ്രവർത്തകർ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും പുതിയ വർഷത്തെ പ്രവർത്തനങ്ങളെ ആസൂത്രണം ചെയ്യുന്നതിനും ഇടയായി. ഈ മൂന്നു ദിവസങ്ങളിലും വിശ്വവാണി ചെയർമാൻ സെൽവരാജ് അണ്ണനും, എക്സിക്യുട്ടീവ് ഡയറക്ടർ വിൽസൺ അണ്ണനും ഒപ്പമുണ്ടായിരുന്നത് വളരെ അനുഗ്രഹമായിരുന്നു. ഈ പ്രിയപ്പെട്ടവരുടെ സന്ദേശങ്ങൾ പ്രവർത്തകർക്ക് വളരെ ധൈര്യം പകരുന്നതും മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്നതുമായിരുന്നു. ദൈവകൃപയാൽ എറണാകുളം എളംകുളത്തുള്ള വിശ്വവാണി  ഓഫീസ് വളരെ അനുഗ്രഹകരമായി പ്രവർത്തിക്കുന്നു. തിരുവല്ലയിലെയും എറണാകുളത്തെയും വിശ്വവാണി ഓഫീസ് പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിച്ചാലും. കൂടാതെ ഏപ്രിൽ 20-ാം തീയതി ഹൈദരബാദിൽ വെച്ച് നടന്ന വിശ്വവാണിയുടെ വാർഷിക ബോർഡ് മീറ്റിംഗ് വളരെ അനുഗ്രഹകരമായിരുന്നു. പ്രസ്തുത മീറ്റിംഗിൽ പോയി സംബന്ധിക്കുന്നതിന് എനിക്കും സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ശുശ്രൂഷയെ വിലയിരുത്തുന്നതിനും ശുശ്രൂഷയിൽ വിജയം തന്ന ദൈവത്തെ സ്തുതിക്കുന്നതിനും ഇടയായി. പുതിയ സാമ്പത്തിക വർഷം ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികൾ പ്രവർത്തി പഥത്തിലെത്തിക്കേണ്ടതിനായി പ്രാർത്ഥിച്ചാലും. കേരളം സന്ധിക്കുന്ന മൂന്നു സംസ്ഥാനങ്ങൾക്കായും പ്രാർത്ഥിച്ചാലും. പ്രത്യേകിച്ച് ഉത്തർപ്രദേശിൽ ശുശ്രൂഷയ്ക്ക് വളരെ പ്രതികൂലങ്ങൾ നേരിടുന്നു. സുവിശേഷ വിരോധികൾ സുവിശേഷ സ്നേഹികൾ ആയിത്തീരേണ്ടതിനായി പ്രാർത്ഥിച്ചാലും.

കേരളത്തിലെ ശുശ്രൂഷകൾ വളരെ ഭംഗിയായി മുന്നേറുന്നു. ശുശ്രൂഷയുടെ പിന്നിൽ നിൽക്കുന്ന എല്ലാ ദൈവമക്കൾക്കായും ദൈവത്തെ സ്തുതിക്കുന്നു. തങ്ങളുടെ വിലയേറിയ സമയം വേർതിരിച്ച് പ്രാർത്ഥിക്കുന്ന പ്രാർത്ഥനാ സഹകാരികൾക്കായും, പ്രാപ്തിപോലെയും പ്രാപ്തിക്കു മീതെയും സന്തോഷത്തോടെ നല്ലദാനങ്ങൾ നൽകി സഹായിക്കുന്ന ശുശ്രൂഷാ സഹകാരികൾക്കായും, പ്രതിഫലേച്ഛ കൂടാതെ തങ്ങളുടെ ആരോഗ്യവും സമയവും കർത്താവിന്റെ വേലയ്ക്കായി സമർപ്പിച്ചിരിക്കുന്ന ശുശ്രൂഷാ പ്രതിനിധികൾക്കായും ഞങ്ങൾ പ്രാർത്ഥിക്കുന്നു. നടുന്നവനും നനെയ്ക്കുന്നവനും പ്രതിഫലം ഉണ്ട് എന്ന് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ സാമ്പത്തിക വർഷം 7000 ഗ്രാമങ്ങളിൽ 1400 തദ്ദേശീയരായ മിഷനറിമാരെ സുവിശേഷവുമായി അയയ്ക്കുന്നതിന് പ്രാർത്ഥിച്ച് തീരുമാനിച്ചിരിക്കുന്നു. ഈ വിഷയത്തിനായി പ്രാർത്ഥിച്ചാലും. ദൈവം നമുക്ക് കാര്യം സാധിപ്പിച്ചു തരും.  കേരളത്തിലെ പ്രമോഷണൽ പ്രവർത്തകർക്കായും ഓഫീസിലെ പ്രവർത്തകർക്കായും പ്രാർത്ഥിച്ചാലും. ദൈവം എല്ലാവരെയും ബലപ്പെടുത്തട്ടെ.

കർത്താവിന്റെ വേലയിൽ നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ല, വളരുമാറാക്കുന്ന ദൈവത്തിനു സകല മഹത്വം ഉണ്ടാകട്ടെ. വളരുമാരാക്കുന്ന ദൈവത്തിൽ പൂർണ്ണമായും ആശ്രയിച്ചുകൊണ്ട് കർത്തിന്റെ മഹത്വമേറിയ ശുശ്രൂഷ വിശ്വസ്തതയോടെ ചെയ്യാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ!

**ആമേൻ!**

## സമർപ്പൺ മാസികയുടെ വാർഷിക വരിസംഖ്യ അടച്ചാലും



വിശ്വവാണിയുടെ ഔദ്യോഗിക നാവായ സമർപ്പൺ മാസിക നിങ്ങളുടെ ജീവിതത്തിൽ വളരെ സ്വാധീനം ചെലുത്തുന്നു എന്നു വിശ്വസിക്കുന്നു. മാസികയെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിച്ചാലും. മാസികയുടെ വരിസംഖ്യ 100/- രൂപ ഏരിയ പ്രവർത്തകരുടെയോ പ്രതിനിധികളുടെ പക്കൽ നൽകി പ്രസിദ്ധീകരണം വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ സഹായിച്ചാലും.

## യുവാക്കളെ ശുശ്രൂഷയ്ക്കായി വിളിക്കുന്നു......

വിളിയും സമർപ്പണവുമുള്ള രക്ഷിക്കപ്പെട്ട യുവജനങ്ങളെ പൂർണ്ണസമയശുശ്രൂ ഷ്ക്കായി ആവശ്യമുണ്ട്. പ്രത്യേകിച്ച് എറണാകുളം എളംകുളത്ത് പ്രവർത്തിക്കുന്ന പുതിയ വിശ്വവാണി ഓഫീസിലേക്ക് കംപ്യൂട്ടർ പരിജ്ഞാനമുള്ള പ്രവർത്തകരെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ ബന്ധപ്പെട്ടാലും**

**ഫോൺ: 9447251358**

## പ്രാർത്ഥനാലയത്തിൽ നിന്നും....

"ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈ കൊണ്ട് ഞാൻ നിന്നെ താങ്ങും" (യെശ:41:10)



ദൈവത്തിനു സ്തോത്രം. അനേകം ദൈവമക്കൾ തങ്ങളെ ഭാരപ്പെടുത്തിയ വിഷയങ്ങൾ കത്തിലൂടെയും ഫോണിലൂടെയും ഞങ്ങളുടെ പ്രവർത്തകരിലൂടെയും പ്രാർത്ഥനാലയത്തിൽ അറിയിക്കുകയുണ്ടായി. എല്ലാ വിഷയങ്ങൾക്കായും ഇടിവിൽ നിൽക്കുവാൻ ദൈവം ഞങ്ങളെ സഹായിച്ചു. പ്രാർത്ഥിച്ച അനേക വിഷയങ്ങൾക്ക് ദൈവം ഉത്തരമരുളിയതിനായി സ്തോത്രം. യെശയ്യാവ് പ്രവാചകനിലൂടെ ദൈവം അറിയിക്കുന്നു, ബലഹീനരെ ശക്തീകരിക്കും, ഭാരപ്പെടുന്നവരെ സഹായിക്കും, ക്ഷീണിച്ചിരിക്കുന്നവരെ താങ്ങും എന്ന്. ചില വിഷയങ്ങൾ നമ്മെ തളർത്തുമ്പോൾ സർവ്വശക്തന്റ കൈക്കീഴിൽ താണിരിക്കാം. താങ്കളെ ഭാരപ്പെടുത്തുന്ന എതു വിഷയമായിരുന്നാലും ഞങ്ങളെ അറിയിച്ചാൽ ഞങ്ങൾ താങ്കൾക്കായി പ്രാർത്ഥിക്കുന്നതായിരിക്കും. പ്രാർത്ഥിച്ച വിഷയങ്ങൾക്കു ഉത്തരം ലഭിക്കുമ്പോൾ ആ വിവരം അറിയിക്കാൻ മറക്കരുത്. രഹസ്യ വിഷയങ്ങൾ രഹസ്യമായിത്തന്നെ സൂക്ഷിക്കും.

**ഞങ്ങളുടെ വിലാസം: വിശ്വവാണി, മഞ്ഞാടി പി.ഒ, തിരുവല്ല-5,**

**ഫോൺ: 9446351358, 0469 2633165**



## 2023-2024ൽ 85 വയലുകളിൽ പുതിയ ആരാധനാലയങ്ങൾ

കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു(അ.പ്ര:2:47). ഈ ദൈവവചനം വിശ്വവാണി ശുശ്രൂഷ നടക്കുന്ന വയലുകളിൽ യാഥാർത്ഥ്യമാകുന്നത് കാണുന്നതിന് ഇടയായ ഞങ്ങൾ അനുഗ്രഹിക്കപ്പെട്ടവരാണ്. ശുശ്രൂഷ നടക്കുന്ന വയലുകളിൽ ഓരോ മാസവും ശരാശരി 7 ആരാധനാലയങ്ങൾ നിർമ്മിച്ച് സമർപ്പിക്കുവാൻ സാധിക്കുന്നു. 1193 ശുശ്രൂഷാ സഹകാരികൾ കഴിഞ്ഞ സാമ്പത്തിക വർഷം ദൈവത്തിന്റെ അത്ഭുത കരം കാണാൻ വയലുകൾ സന്ദർശിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു.

മൂന്നു പേജുകളിലായി 85 ആരാധനാലയങ്ങൾക്കു മുമ്പിൽ ആദ്യതലമുറ വിശ്വാസികൾ നിൽക്കുന്ന ചിത്രങ്ങൾ കാണുമ്പോൾ നിങ്ങളുടെ ഹൃദയങ്ങൾ സന്തോഷിക്കട്ടെ. ഈ ആരാധനാലയങ്ങൾ വയലുകളിൽ ഉയരുവാൻ ദൈവം ഉപയോഗിച്ച ദൈവമക്കളെയും അവരുടെ കുടുംബങ്ങളെയും ദൈവം സകല നന്മകളാലും നിറയ്ക്കട്ടെ. നിർമ്മാണത്തിലായിരിക്കുന്ന 129 ആരാധനാലയങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. അതിനായി നിങ്ങളുടെ പ്രാർത്ഥനയും സഹായവും ആവശ്യമാണ്. ഭാരതത്തിൽ ശുശ്രൂഷ നടക്കുന്ന വയലുകളുടെ എണ്ണം വർദ്ധിക്കുന്നത് കണ്ട് കൊയ്ത്തിന്റെ യജമാനനൻ സന്തോഷിക്കട്ടെ!


01 SURAPUVARIGUDEM, A.P. - 10.04.23



02 VENKAYAPALEM, A.P. - 12.04.23



03 VUYALAMADUGU, A.P. - 14.04.23


04 KULAPITA, ODISHA - 16.04.23



05 HARIHARPARA, WEST BENGAL - 16.04.23


06 SHEPUAMPA, GUJARAT - 16.04.23


07 BONDURU, A.P. - 23.04.23


08 RASIKARAJPUR, ODISHA - 28.04.23


09 PATARAPADA, ODISHA - 29.04.23



10 KHUNTIATOLA, ODISHA - 30.04.23


11 MANASING PARA, TRIPURA - 30.04.23


12 DUSPAIHA PARA, TRIPURA - 06.05.23


13 BHAGIRATH KAMI, TRIPURA - 07.05.23


74 BAGHUAPAL, ODISHA - 15.03.2024



75 LOGILI, A.P. - 18.03.2024


76 PONUGODU, TELANGANA - 20.03.2024


77 ELUMETA, ODISHA - 23.03.24


78 SAINDANIPADA, MAHARASHTRA - 23.03.24


79 Y.SRIRAMAPURAM, A.P. - 24.03.24



80 DOKRIPODOR, ODISHA - 24.03.2024



81 NAGAMMAGUDA, A.P. - 24.03.2024


82 GULTARE, MAHARASTHRA - 30.03.24



83 GADIPALLIVALASA, A.P. - 30.03.2024


84 SURYANAGARAM, A.P. - 31.03.2024


85 TOTTADI, A.P. - 31.03.2024

# വിശ്വാസത്തോടെയുള്ള പ്രയത്നം



സമാധാനവും സന്തോഷവുമുള്ള ഒരു കൂട്ടം സ്ത്രീകളെ ഗുദ്വാൽ ജില്ലയിൽ ഞാൻ കണ്ടു. ദൈവവചനം ആണ് അവരുടെ സന്തോഷത്തിനുള്ള കാരണം എന്ന് അന്വേഷിച്ചപ്പോൾ അവർ പറഞ്ഞു. നിത്യസന്തോഷം സൗജന്യമായി ലഭിക്കുന്ന വേദപഠന കൂടിവരവിൽ ഞാനും സംബന്ധിച്ചു. ഞാൻ ദൈവസ്നേഹത്താൽ സ്പർശിക്കപ്പെട്ടു. എന്റെ പാപം കഴുകി എനിക്ക് രക്ഷയുടെ സന്തോഷം നൽകിയ യേശു നല്ലവനാണ്! നിത്യത സന്തോഷത്തോടെ ചെലവഴിക്കുന്നതിന് സുവിശേഷം വളരെ പ്രധാനപ്പെട്ടതാണ് എന്ന് ഞാൻ പിന്നീട് മനസ്സിലാക്കി. എന്റെ ഭർത്താവും ഈ സമാധാനം അനുഭവിച്ചറിയണം എന്നു ഞാൻ തീരുമാനിച്ചു. ഞാൻ ആ വിഷയത്തിനായി ഉപവസിച്ചു പ്രാർത്ഥിച്ചു. എന്റെ പ്രാർത്ഥനയ്ക്ക് യേശുകർത്താവ് മറുപടി നൽകി. ഇപ്പോൾ ഞാനും എന്റെ ഭർത്താവും ഒരുമിച്ച് ദൈവത്തെ ആരാധിക്കുന്നു. കുടുംബമായി ദൈവത്തെ ആരാധിക്കുന്നതിനും പ്രാർത്ഥനാ യോഗങ്ങളിലും വേദപഠന കൂടിവരവുകളിലും സംബന്ധിക്കുന്നതിനും ദൈവം ഞങ്ങളെ കുടുംബമായി സഹായിക്കുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. അയൽക്കാരും നിത്യതയുടെ ഭാഗമാകേണ്ടതിനായി ഇപ്പോൾ അവരോട് സുവിശേഷം അറിയിക്കാൻ ഞാൻ പ്രയത്നിക്കുന്നു. **-ജ്യോതി, പുതിയ വിശ്വാസി**

# വിശ്വവാണിയ്ക്ക് സ്വന്തമായി ഒരു കെട്ടിടം ആവശ്യമുണ്ട്

1980ൽ ഭാരത സുവിശേഷീകരണത്തിനായി പ്രൊഫ.എമിൽ ജബസിംഗ് എന്ന ദൈവ ദാസന് ദൈവം നൽകിയ ദർശനം ആകുന്നു വിശ്വവാണി. ഈ ശുശ്രൂഷ ഇന്ന് 44 വർഷങ്ങൾ പിന്നിടുമ്പോൾ ഭാരതത്തിലെ 29 സംസ്ഥാനങ്ങളിലെ 222 ജില്ലകളിലെ 10424 ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുവാൻ ഇടയായി. കേരളത്തിലെ ശുശ്രൂഷയുടെ വളർച്ചയുടെ പിന്നിൽ നാളിതുവരെ പ്രാർത്ഥിച്ച, സാമ്പത്തികമായി സഹായിച്ച, ഞങ്ങളോടൊപ്പം പ്രവർത്തിച്ച എല്ലാ പ്രിയപ്പെട്ടവരെയും നന്ദിയോടെ ഓർക്കുന്നു. കൂടാതെ ഈ ശുശ്രൂഷയ്ക്ക് ധൈര്യം പകർന്നു തന്ന കേരളത്തിലെ എല്ലാ സഭക ളെയും സഭാ നേതൃത്വങ്ങളെയും ദൈവം ശക്തീകരിക്കുകയും നിലനിർത്തുകയും ചെയ്യട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കേരളത്തിലെ 14 ജില്ലകളിലും വിശ്വവാണി ശുശ്രൂഷ വളരെ ശക്തമായി നടക്കുന്നു. എന്നാൽ കേരളത്തിൽ വിശ്വവാണിക്ക് സ്വന്തമായി ഒരു ഓഫീസ് കെട്ടിടം ഇല്ല എന്നുള്ള ഒരു ഭാരം ഈ നാളുകളിൽ ഞങ്ങളിലുണ്ടായി. ആ വിഷയത്തിനായി ഞങ്ങ ൾ പ്രാർത്ഥിക്കുകയും കേരളത്തിലെ ദൈവമക്കളുമായി ആ വിഷയം പങ്കുവെ യ്ക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ സ്റ്റേറ്റ് ഓഫീസായി പ്രവർത്തിക്കേണ്ടതിന് എറണാകുളത്ത് സ്വന്തമായി ഒരു കെട്ടിടം ഞങ്ങൾക്ക് ആവശ്യ മാണ്. ആയതിലേക്ക് സൗജന്യമായോ, കുറഞ്ഞ നിരക്കിലോ വസ്തുവോ, കെട്ടിടമോ നൽകാൻ സമനസ്സുള്ളവർ ഞങ്ങളുമായി ബന്ധപ്പെട്ടാലും. കൂടാതെ തല്ക്കാല ത്തേക്ക് ഓഫീസ് പ്രവർത്തിക്കുന്നതിന് കൊച്ചിയിൽ ഒരു കെട്ടിടം വാടകയ്ക്ക് ആവ ശ്യമുണ്ട്.

**ഫോൺ : 9447251358 (തിരുവല്ല),**

**9446161770 (എറണാകുളം),**

**9447923767 (തിരുവനന്തപുരം),**

**9645163456 (കോഴിക്കോട്)**

## വചനം വെളിച്ചമാകുന്നു



എന്റെ പേര് ജോൺ ബെക്ക് എന്നാണ്. ഞാൻ യേശുവിന്റെ ഒരു ശിഷ്യന്റെ പേര് വഹിക്കുന്നുണ്ടെങ്കിലും എനിക്കും യേശുവിനും ഇടയിൽ ഒരു വലിയ വിടവുണ്ടായിരുന്നു. ഞാൻ ആഗ്രഹിച്ചതെല്ലാം എനിക്ക് ലഭിച്ചു. ലോകത്തിന്റെ പൊങ്ങച്ചം എന്നെ പിടിച്ചു, ഞാൻ ഒരു മാനസിക രോഗി യായിത്തീർന്നു. ജീവിക്കുന്ന ദൈവത്തെ അന്വേഷിച്ചുള്ള എന്റെ യാത്ര ഞാൻ ആരംഭിച്ചു. ഞാൻ ദൈവത്തെ അന്വേഷിക്കാൻ തുടങ്ങിയപ്പോൾ പരാജയങ്ങളെ അഭിമുഖീകരിച്ചു.

എന്റെ സുഹൃത്തിലൂടെ ഛത്തീസ്ഗഡിലെ സലൈനഗർ വയലിൽ ശുശ്രൂഷ ചെയ്യുന്ന മിഷനറി പങ്കുവെച്ച ദൈവവചനം ശ്രവിക്കുന്നതിന് എനിക്ക് അവസരം ലഭിച്ചു. ഞാൻ ആദ്യമായിട്ടാണ് വേദപുസ്തകത്തിലെ ദൈവവചനം കേൾക്കുന്ന ത്. എന്റെ ഹൃദയത്തെ ഭാരപ്പെടുത്തിയ എല്ലാ ചോദ്യങ്ങൾക്കും ഉത്തരങ്ങൾ ക ണ്ടെത്തി. ഞാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ വെളിച്ചം കണ്ടു. സ്വർഗ്ഗീയ ദൈവം ഭൂമിയിലേക്ക് എങ്ങനെ വന്നു എന്ന് എന്റെ അനുഭവത്തിലൂടെ ഞാൻ മറ്റുള്ളവരോടു പങ്കുവെച്ചു. എന്റെ മരണംവരെ ഞാൻ മറ്റുള്ളവരോട് ദൈവവ ചനം ഘോഷിക്കുമെന്ന് ദൈവസന്നിധിയിൽ സ്വയം സമർപ്പിച്ചു.-

**ജോൺ ബെക്ക്, ഛത്തീസ്ഗഡ്**

# ഏതാണ് പ്രധാനം?

## തുടക്കമോ? തുടർച്ചയോ? അതോ പൂർത്തീകരണമോ?

*- Rev. Dr. Emmanuel Gnanaraj, Director, Prayer Network*

മൂന്നു പാർട്ടികൾ തങ്ങളുടെ അഭിപ്രായങ്ങൾ വെളിപ്പെടുത്തുന്ന ഒരു ചർച്ചയല്ല ഇത്. വിതയ്ക്കുന്നതോ, വളരുന്നതോ, കൊയ്യുന്നതോ അല്ല ഞങ്ങൾ വിവരിക്കുന്നത്. എന്താണ് സുവിശേഷ വേല? നാം എങ്ങനെയാണ് അതിനെ സമീപിക്കേണ്ടത്? അതിൽ നമ്മുടെ പങ്ക് എന്താണ്? ഈ ലേഖനത്തിലൂടെ ഈ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്താൻ ശ്രമിക്കാം.

അപ്പോസ്തൊലനായ പൗലോസ് 1 കൊരി:3-ാം അദ്ധ്യായത്തിൽ സുവിശേഷ വേലയിൽ തന്റെ പങ്കിനെക്കുറിച്ചും ദർശനത്തിൽ തുടരുന്ന ആളുകൾ ചെയ്യേണ്ടതും വിവരിക്കുന്നു. അക്കാലത്ത് കൊരിന്തിലെ സഭയിൽ നിലനിന്നിരുന്ന അസൂയയും, വെറുപ്പും, പ്രതികാരവുമായിരുന്നു കാരണങ്ങൾ. പൗലോസ് അപ്പോസ്തൊലൻ ഈ പ്രശ്നങ്ങളെ എങ്ങനെ അഭിമുഖീകരിച്ചു എന്നും അതിജീവിച്ചു എന്നും നമുക്കു ധ്യാനിക്കാം. ഇന്നും അഹങ്കാരവും കലഹങ്ങളും നിറഞ്ഞ അനേകം സഭകൾ കാണുന്നു. അതിന്റെ ഫലമായി സഭകൾ ഭിന്നിച്ച് അവയുടെ എണ്ണം വർദ്ധിക്കുന്നു. ഈ അദ്ധ്യായത്തിൽ അപ്പോസ്തൊലനായ പൗലോസ് എന്ത് പരിഹാരമാണ് നൽകുന്നത് എന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നത് നന്നായിരിക്കും.

1കൊരി:3:13 ൽ പൗലോസ് ചോദിക്കുന്നു, ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? നാം കർത്താവിനുവേണ്ടി പ്രവർത്തിക്കുന്നതിനാൽ നമുക്ക് പുകഴുവാനൊന്നുമില്ല. ക്രിസ്തുവിന്റെ ശരീരവും സഭയുടെ ഒരു ഭാഗമായിരിക്കുന്ന വിശ്വാസികൾക്ക് നൽകിയിരിക്കുന്ന ഒരു മുന്നറിയിപ്പാണിത്.

സുവിശേഷ ഘോഷണം നമ്മുടെ ഉത്തരവാദിത്തമാണ്. നാം സുവിശേഷം അറിയിക്കുന്നുവെങ്കിൽ പ്രശംസിക്കുവാൻ ഒന്നുമില്ല. മറ്റുള്ളവരേക്കാൾ നല്ലതായി ആരുമില്ല. അതുകൊണ്ടാണ് ഭിന്നതയുടെ ആത്മാവിനെ നീക്കുന്നതിന് എഫെസ്യ സഭയ്ക്ക് പൗലോസ് മുന്നറിയിപ്പ് നൽകുന്നത്. 1കൊരി:3:5 ൽ പൗലോസ് പറയുന്നു, അപ്പൊല്ലോസ് ആർ

പൗലൊസ് ആർ? കർത്താവു തങ്ങൾക്കു നൽകിയതുപോലെ നിങ്ങൾ വിശ്വസിക്കാൻ കാരണമായിത്തീർന്ന ശുശ്രൂഷക്കാരത്രേ.

**നടുക എന്നാൽ എന്താണ്?**

ഉല്പ:8:22 അടിസ്ഥാനമാക്കി എഴുതിയ, ഭൂമിയുള്ള കാലത്തോളം വിതയും കൊയ്ത്തും നിന്നു പോകയില്ല എന്ന ഒരു പാട്ട് നാം പലപ്പോഴും ഓർക്കുന്നു. നാം ഒന്നുകിൽ വിതയ്ക്കുന്നു അല്ലെങ്കിൽ നടുന്നു. നമ്മുടെ പാപങ്ങൾ മോചിക്കാനാണ് യേശു ലോകത്തിൽ വന്നതെന്നു വിശ്വസിക്കുകയും അത് സ്വീകരിക്കുകയും ചെയ്യുന്നവർക്ക് നിത്യജീവൻ ലഭിക്കും എന്നുള്ള സുവിശേഷം അറിയാത്ത ആളുകളോട് അറിയിക്കുന്നത് ഒരു തുടക്കം മാത്രമാണ്. ഈ ഘോഷണം ആവശ്യമുണ്ടോ? മറ്റു രണ്ടു ശുശ്രൂഷകൾക്കു മീതെയാണോ ഇത്? അതിൽ തർക്കിച്ചിട്ട്

കാര്യമില്ല. റോമ:10:14 ൽ പറയുന്നു, അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? അതിനാൽ സുവിശേഷ ഘോഷണം വളരെ പ്രധാനമാണ്.

ഇന്ന് ഒരേ സ്ഥലത്തു തന്നെ സുവിശേഷം വീണ്ടും വീണ്ടും പ്രസംഗിക്കുന്നു. രക്ഷയുടെ സന്ദേശം രക്ഷിക്കപ്പെട്ടവരുടെ ഇടയിൽത്തന്നെ വീണ്ടും ഘോഷിക്കയാണെങ്കിൽ, രക്ഷിക്കപ്പെടാത്ത മറ്റുള്ളവർ സുവിശേഷം എപ്പോൾ കേൾക്കും? ക്രിസ്തുവിൽ വിശ്വസിക്കുന്നതിനും ഏറ്റുപറയുന്നതിനും അവർക്ക് എപ്പോൾ അവസരം ലഭിക്കും? സുവിശേഷം അറിഞ്ഞവർ ഘോഷിക്കുന്നില്ലെങ്കിൽ, കേൾക്കാത്തവർ എങ്ങനെ വിശ്വസിക്കും എന്ന് എമിൽ അണ്ണൻ വളരെ മനോഹരമായി പാടുകയുണ്ടായി. ഒരു സമൃദ്ധമായ വിളവെടുപ്പിനായി വിളവെടുപ്പ് ഘോഷിക്കാൻ ഞങ്ങൾ തയ്യാറാണെന്ന് നാം ഇന്ന് തീരുമാനിക്കണം. പൗലോസിനെപ്പോലെ സുവിശേഷം എത്താത്ത ഇടങ്ങളിൽ സുവിശേഷം അറിയിക്കുന്നതിൽ നാം എത്രത്തോളം ഉൾപ്പെട്ടിട്ടുണ്ടെന്ന് നമുക്ക് ചിന്തിക്കാം2 കൊരി:10:16). നാം ശരിയായ സ്ഥലത്താണോ വിതയ്ക്കുന്നത്? വചനം വിതയ്ക്കാൻ പോകുമ്പോൾ തെരഞ്ഞെടുക്കുന്നതിൽ വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. അതിനാൽ വിത്ത് വിതയ്ക്കുന്ന ഈ പ്രവർത്തനത്തിൽ പ്രാർത്ഥന ഒരു പ്രധാന ഉപകരണമാണ്. നാം സുവിശേഷം പങ്കുവെയ്ക്കേണ്ട ഗ്രാമത്തിനും ആത്മാക്കൾക്കുംവേണ്ടി പ്രാർത്ഥന തുടരേണ്ടതാകുന്നു. ലുദിയയുടെ ഹൃദയം തുറന്നതുപോലെ ദൈവം ജനത്തിന്റെ ഹൃദയം തുറക്കും. അപ്പോൾ മാത്രമാണ് വിതയ്ക്കുന്ന പ്രവൃത്തി പൂർത്തീകരിക്കപ്പെടുന്നത്. അപ്പോസ്തൊലനായ പൗലോസ് ദൈവത്തിന്റെ വചനം വിതെച്ചു.

**നനയ്ക്കുക എന്നാൽ എന്താണ്?**

നനയ്ക്കുന്നത് ശരിയായ വിതയും ശരിയായ ശുശ്രൂഷയുമല്ല. നാം ആരോടാണ് വചനം ഘോഷിക്കുന്നതെന്ന ബോധമില്ലാതെ ദൈവവചനം അവിടെയും ഇവിടെയും വിതെച്ച് സുവിശേഷവേലയിൽ സംതൃപ്തരാണെങ്കിൽ അത് നനയ്ക്കുകയല്ല. അതിന്റെ ഫലമായി, വിതയ്ക്കുന്ന ശുശ്രൂഷയെ തുടർന്നുള്ള അനുധാവന പ്രവർത്തനം ചെയ്യുവാൻ കഴിയുകയില്ല.

വിശ്വവാണിയിലെ ഓരോ മിഷനറിമാരും 5 ഗ്രാമങ്ങളിലെ പ്രവർത്തനങ്ങൾക്കാണ് നേതൃത്വം വഹിക്കുന്നത്. ആഴ്ചയിൽ ഒരിക്കൽ അവർ ഈ ഗ്രാമങ്ങൾ സന്ദർശിക്കുകയും ഗ്രാമീണരുമായുള്ള ബന്ധം നിലനിർത്തുകയും ചെയ്യുന്നു. പ്രവർത്തനത്തിന്റെ ആദ്യതലം ഇതാണ്. സുവിശേഷം ശ്രവിച്ച് അതിനോട് പ്രതികരിക്കുന്നവരെയും അന്വേഷക കൂടിവരവിൽ ക്ഷണിക്കുന്നു. അന്വേഷക കൂടിവരവിൽ സംബന്ധിക്കുന്നവരെ വേദപഠന കൂടിവരവിൽ സംബന്ധിക്കാൻ സ്വാഗതം ചെയ്യുന്നു. വേദപഠന കൂടിവരവിൽ സംബന്ധിക്കുന്ന ആളുകൾക്ക് ദൈവവചനം പറഞ്ഞു കൊടുക്കുകയും ചെയ്യുന്നു. ഇതാണ് നനയ്ക്കുന്ന ശുശ്രൂഷ. ഒരിക്കൽ സുവിശേഷം ശ്രവിച്ച ആത്മാക്കളെ പിന്തുടരേണ്ടത് പ്രധാനമാണ്.

നനയ്ക്കുന്നവൻ അപ്പൊല്ലോസ് ആയിരുന്നു. ക്രമമായി വേദപഠന കൂടിവരവിൽ സംബന്ധിക്കുന്നവർ ക്രിസ്തുവിനുവേണ്ടി അവരുടെ ഹൃദയം തുറക്കുകയും തങ്ങളുടെ പാപക്ഷമയുടെ ഉറപ്പു പ്രാപിക്കുന്നതിലേക്ക് അവർ നയിക്കപ്പെടുകയും ചെയ്യുന്നു. തുടർന്ന് അവർ ക്രിസ്തുവിലുള്ള അവരുടെ വിശ്വാസം ഏറ്റുപറയുന്നു. വിശ്വാസ പ്രഖ്യാപന ശുശ്രൂഷയ്ക്കു ശേഷം അവർ വിശ്വാസി ആയിത്തീ

രുകയും സഭയോടു ചേരുകയും ചെയ്യുന്നു. വിശ്വവാണി ശുശ്രൂഷയുടെ പ്രവർത്തനശൈലിയാണിത്.

നമ്മുടെ വയലുകളിൽ എന്തുകൊണ്ടാണ് നമുക്ക് ഈ മാതൃക പിന്തുടരാൻ കഴിയാത്തത്? യേശുവിനെ അറിയാത്ത സുഹൃത്തുക്കളുമായി ദൈവവചനം തുടർച്ചയായി പങ്കുവെയ്ക്കാനും അവരെ വിശ്വാസത്തിലേക്ക് നയിക്കാനും തുടർന്ന് വിശ്വാസം ഏറ്റുപറയാനും കഴിയും. ഇപ്രകാരം നാം ഈ അവസരം ഉപയോഗിച്ചാൽ നമ്മൾ ജ്ഞാനികളാണ്. പൗലോസ് ദൈവവചനം വിതച്ച എല്ലായിടങ്ങളും അപ്പൊല്ലോസ് നനച്ചു, അതായത് അനുധാവന ശുശ്രൂഷ നടത്തിയിട്ടുണ്ട്.

വളർച്ചയ്ക്ക് കാരണമാകുന്നത് എന്താണ്?

അ.പ്ര:2:47ൽ ഇപ്രകാരം വായിയ്ക്കുന്നു, കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു. മത്താ:16:18ൽ യേശു പറഞ്ഞു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാപങ്ങൾ ക്ഷമിക്കപ്പെട്ടവരെയും യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നവരെയും പരിശുദ്ധാത്മാവ് സഭയിലെ അംഗങ്ങളാക്കുന്നു. അങ്ങനെ അവർ ദൈവത്തിന്റെ മക്കളായിത്തീരുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ ആദ്യഘട്ടം ആത്മാക്കളുടെ കൊയ്ത്ത് വളർച്ചയ്ക്ക് കാരണമാകുന്നു. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും നമുക്ക് ബോധം വരുത്തുക എന്നതാണ്(യോഹ:16:8-11). വളർച്ചയ്ക്ക് കാരണമാകുന്ന രണ്ടാം ഘട്ടം ഹൃദയത്തിൽ കുത്തുകൊണ്ട എല്ലാവരും യേശുവിനെ സ്വീകരിക്കും എന്നാണ്(അ.പ്ര:2:37,38). ആ വിശ്വാസികൾ ഒരുമിച്ചു കൂടുകയും കർത്താവിനെ ആരാധിക്കുകയും കൂട്ടായ്മയിലേർപ്പെടുകയും ചെയ്യുന്നതാണ് മൂന്നാംഘട്ടം(അ.പ്ര:13:1-3). മിഷനറിമാരുടെ ഉത്തരവാദിത്തം ഏറ്റെടുത്ത് അവരെ അയയ്ക്കണം എന്നതാണ് നാലാം ഘട്ടം.

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സുവിശേഷ പ്രവർത്തനത്തിനായി ദൈവം നമ്മെ ശക്തമായി ഉപയോഗിക്കട്ടെ.

# ആവശ്യം വിളിക്കുന്നു

രാപകലില്ലാതെ ആത്മാക്കളുടെ കൊയ്ത്തിനായി അദ്ധ്വാനിക്കുന്ന പൂർണ്ണസമയ പ്രവർത്തകരായ മിഷനറിമാർക്ക് അവരുടെ ശുശ്രൂഷ വേഗത്തിലാക്കുന്നതിനും വയലുകളിൽ ഫലങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിരവധി അടിയന്തിര ആവശ്യങ്ങളുണ്ട്. അവയിൽ ചില പ്രധാന ആവശ്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു! പ്രാർത്ഥനാ പൂർവ്വം വായിച്ചാലും. ആവശ്യത്തിൽ പങ്കാളിയായി അനുഗ്രഹിക്കപ്പെടുക!

കോക്ബൊരോഖ് ബൈബിൾ 5000 x 500 രൂപ 25,00,000 രൂപ
സൈക്കിൾ 225 x 6000 രൂപ = 13,50,000 രൂപ
സംഗീതോപകരണം 660 x 1000രൂപ = 6,60,000 രൂപ
പായ് 1300 x 1300 രൂപ = 6,50,000 രൂപ
ടോർച്ച് 600 x 200 രൂപ = 1,20,000 രൂപ
മോട്ടോർ സൈക്കിളുകൾ 50 x 75,000 രൂപ = 37,50,00,000 രൂപ
ആംപ്ലിഫയർ 200 x 25,000 രൂപ = 50,00,000 രൂപ



# വയൽ വാർത്തകൾ

## സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

യഹോവയ്ക്കു ഒരു പുതിയ പാട്ടു പാടുവീൻ; അവൻ അത്ഭുതങ്ങളെ പ്രവർത്തിച്ചിരിക്കുന്നു; അവന്റെ വലങ്കയ്യും അവന്റെ വിശുദ്ധഭുജവും അവന്നു ജയം നേടിയിരിക്കുന്നു(സങ്കീ:98:1).

**01. ജമ്മുകാശ്മീർ: ആരാധനാ കൂടിവരവുകൾ-90**

**സ്തോത്രത്തിന്:** ഭുദ്വാനി വയലിൽ 4 കുടുംബങ്ങൾക്ക് പാപക്ഷമ ലഭിച്ചതിനായി... വിജയ്പൂർ ഗ്രാമത്തിൽ നടത്തിയ രണ്ടുദിവസത്തെ ക്യാംപ് 180 പേർക്ക് പ്രയോജ ന പ്പെട്ടതിനായി... ഗംഗാരി ഗ്രാമത്തിൽ ആരംഭിച്ച ശുശ്രൂഷ 180 പേർക്ക് പ്രയോജനപ്പെട്ടതിനായി... ഒരിക്കൽ ശുശ്രൂഷയെ എതിർത്തിരുന്ന രരവി ശങ്കർ രക്ഷിക്കപ്പെട്ട് ആരാധനാ കൂടിവരവിൽ സംബന്ധിക്കുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** ദൽസാർ വയലിലെ സുവിശേഷം ശ്രവിച്ചവരുടെ രൂപാന്തരത്തിനായി... ധനോഡി വയലിലെ വിശ്വാസികൾ ആരാധനാലയ സമർപ്പണ ശുശ്രൂഷയ്ക്കായി ഒരുങ്ങുന്നു... സിധാര, ലഡ്ഡ എന്നീ ഗ്രാമങ്ങളിൽ ആരാധനാലയത്തിനാവശ്യമായ സ്ഥലം ലഭിക്കേണ്ടതിനായി... പൂർണ്ണസമയ ശുശ്രൂഷയ്ക്കായി 10 യുവാക്കൾ മുന്നോട്ടു വന്നതിനായി...

**02. ഹിമാചൽപ്രദേശ് ആരാധനാ കൂടിവരവുകൾ-100**

**സ്തോത്രത്തിന്:** 9 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി... ബരോത് ഗ്രാമത്തിലെ ആരാധനാ കൂടിവരവിൽ 3 കുടുംബങ്ങൾ പുതിയതായി സംബന്ധിക്കുന്നു.... ശുശ്രൂഷയ്ക്കായി 10 പുതിയ കുടുംബങ്ങൾ തെരഞ്ഞെടുത്തതിനായി... മിഷനറി സഹോ. അങ്കിത് കുമാറിനെ ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചതിനായി...

പ്രാർത്ഥനയ്ക്ക്: അന്വേഷക കൂടിവരവിലൂടെ ദൈവവചനം ശ്രവിച്ച 180 പേരുടെ രൂപാന്തരത്തിനായി... ദോലെ വയലിൽ ശുശ്രൂഷയ്ക്കെതിരെ നിൽക്കുന്ന എല്ലാ എതിർപ്പുകളും നീങ്ങിപ്പോകേണ്ടതിനായി.... ബംഗാരൻ വയലിലെ ആരാധനാലയ നിർമ്മാണ പൂർത്തീകരണത്തിനായി...ശുശ്രൂഷ നടക്കുന്ന 223 ഗ്രാമങ്ങളിലും സഭ രൂപപ്പെടേണ്ടതിനായി...

**03. പഞ്ചാബ് ആരാധനാ കൂടിവരവുകൾ-182**

ഗ്രാമത്തിലെ സഹോ.ഹീരയ്ക്ക് ദൈവം നൽകിയ സൗഖ്യത്തിനായി... യേശുകർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച സഹോ.ഖാതുവിനായി... 16 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി....

**പ്രാർത്ഥനയ്ക്ക്:** ജില്ലകളിൽ ക്രമീകരിച്ചിരിക്കുന്ന ക്യാംപുകളിലൂടെ അനേകം കുടുംബങ്ങളിൽ ദൈവവചനം എത്തേണ്ടതിനായി... ബാഗദോര താലൂക്കിലെ ഉൾഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നതിന് മിഷനറിമാരെ ലഭിക്കേണ്ടതിനായി...ബൻസ്വാര പ്രവിശ്യയിലെ 233 ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന മിഷനറിമാർക്കായി... ജനോഡ മേഖലയിൽ നിന്നും പുതിയ മിഷനറിമാർ എഴുന്നേല്ക്കേണ്ടതിനായി...

**08. രാജസ്ഥാൻ -ഉദയ്പൂർ പ്രവിശ്യ ആരാധനാ കൂടിവരവുകൾ-54**

**സ്തോത്രത്തിന്:** പ്രാർത്ഥനയുടെ ഫലമായി 2 വർഷം മുമ്പ് നഷ്ടപ്പെട്ട മനീഷ സുരക്ഷിതയായി ഭവനത്തിൽ എത്തിയതിനായി...ഹേമരാജ്, ശംഭുലാൽ എന്നീ സഹോദരങ്ങൾ സ്വമേധാ ശുശ്രൂഷയിൽ പങ്കാളികളാകുന്നു... മാനസീക രോഗത്തിൽ നിന്നും സറിയം, സാദൻ എന്നീ സഹോദരങ്ങളെ ദൈവം വിടുവിച്ചതിനായി...31 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി...

**പ്രാർത്ഥനയ്ക്ക്:** സിയാദ് വയലിൽ ആരാധനാലയം നിർമ്മിക്കുന്നതിന് അനുവാദം ലഭിക്കേണ്ടതിനായി... ശുശ്രൂഷയ്ക്കായി സമർപ്പിച്ച 45 യുവാക്കളുടെ പരിശീലനം ആരംഭിക്കേണ്ടതിനായി... കോത്ര മേഖലയിൽ നിലനിൽക്കുന്ന ഇരുട്ടിന്റെ പ്രവർത്തനങ്ങൾ നീങ്ങിപ്പോകേണ്ടതിനായി...വിശ്വാസപ്രഖ്യാപന ശുശ്രൂഷയുടെ ഒരുക്ക ക്ലാസ്സുകളിൽ സംബന്ധിക്കുന്ന 50 പേർക്കായി...

**09. ഉത്തർപ്രദേശ് - ലക്നൗ പ്രവിശ്യ ആരാധനാ കൂടിവരവുകൾ-73**

**സ്തോത്രത്തിന്:** മൊഹമ്മദ്പൂർ മേഖലയിലെ ആരാധനാലയ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിച്ചതിനായി... ബരുവാല വയലിലെ വിശ്വാസികൾ ആരാധനാലയത്തിനായി സ്ഥലം ഒരുക്കുന്നതിനായി... സഹോ.മനോജ് കുമാറിന്റെ മാനസാന്തരത്തിലൂടെ ശുശ്രൂഷയ്ക്ക് തുറന്ന വാതിൽ ലഭിച്ചതിനായി... രാജംഗാദി ഗ്രാമത്തിലെ പുതിയ വിശ്വാസിയായ സഹോ.അനിൽ കുമാർ തന്റെ ഭവനം ആരാധനയ്ക്കായി തുറന്നു തന്നതിനായി... വിസിർപുർവ ഗ്രാമത്തിലെ 5 കുടുംബങ്ങളെ സുവിശേഷം സ്പർശിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** സഹോദരി പൂജയുടെ കുടുംബ ജീവിതത്തിൽ തലമുറകളെ ലഭിക്കേണ്ടതിനായി... കലുവാ ഗ്രാമത്തിലെ ശുശ്രൂഷയെ എതിർക്കുന്നവർക്കായി... ലാൽപൂർ ഗ്രാമത്തിൽ ക്രമീകരിച്ചിരിക്കുന്ന വിശ്വാസ പ്രഖ്യാപന ശുശ്രൂഷയുടെ ഒരുക്ക പ്രവർത്തനങ്ങൾക്കായി... സരായി ഗ്രാമത്തിൽ ആരാധനാലയ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി...

**10. ബീഹാർ ആരാധനാ കൂടിവരവുകൾ-88**

**സ്തോത്രത്തിന്:** ജമുയി ജില്ലയിൽ ശുശ്രൂഷയ്ക്കായി 25 ഗ്രാമങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നു... 27 പേർ തങ്ങളുടെ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനായി... 98 ഗ്രാമങ്ങളിൽ യേശുവിന്റെ സ്നേഹം പങ്കുവെയ്ക്കാൻ സാധിച്ചതിനായി...പുതിയതായി വിശ്വാസത്തിലേക്കു വന്ന 20 പേർ സുവിശേഷം പങ്കുവെയ്ക്കുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** ആദ്യമായി സുവിശേഷം ശ്രവിച്ച 305 പേർ വിശ്വാത്തിലേക്ക് വരേണ്ടതിനായി.... സ്വയം സഹായ സംഘങ്ങളിലൂടെ ഗ്രാമങ്ങൾ സാമ്പത്തികമായി പുരോഗമിക്കുന്നതിനായി ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികൾക്കായി....പൂർണ്ണസമയ ശുശ്രൂഷയ്ക്കായി സമർപ്പിച്ച 20 യുവാക്കളുടെ പരിശീലനം ആരംഭിക്കേണ്ടതിനായി... 10 വയലുകളിൽ ആരാധനാലയം ആവശ്യമായിരിക്കുന്നു....

**11. ജാർഖണ്ട് ആരാധനാ കൂടിവരവുകൾ-74**

**സ്തോത്രത്തിന്:** ഹാരൂപ് വയലിലെ ശുശ്രൂഷയെ എതിർത്തിരുന്ന സഹോ.ജീത്റാം ഒരു പുതിയ സൃഷ്ടിയായിത്തീർന്നതിനായി...കെനാബിഥ ഗ്രാമത്തിലെ വിശ്വാസി

**സ്തോത്രത്തിന്:** വിശ്വാസത്തിലേക്ക് വന്ന 12 യുവാക്കൾ ദൈവത്തിന്റെ സ്നേഹം മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നു... യേശു തങ്ങളുടെ രക്ഷകനാണെന്ന് ഏറ്റുപറഞ്ഞ 52 പേർക്കായി... പരസ്യയോഗത്തിലൂടെ രക്ഷിക്കപ്പെട്ട 50 കുടുംബങ്ങൾ ആരാധനാകൂടിവരവുകളിൽ സംബന്ധിക്കുന്നതിനായി... പൂർണ്ണസമയ ശുശ്രൂഷയ്ക്കായി സമർപ്പിച്ച 20 യുവാക്കൾക്കായി...

**പ്രാർത്ഥനയ്ക്ക്:** 15 ഗ്രാമങ്ങളിൽ നടത്തിയ യൂത്ത് ക്യാംപുകളുടെ അനുധാവന പ്രവർത്തനങ്ങൾക്കായി.... ഫസ്മണ്ടി വയലിലെ ആരാധനാലയ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കേണ്ടതിനായി... അന്വേഷക കൂടിവരവിലൂടെ രക്ഷിക്കപ്പെട്ട 40 പേർ ദൈവവചനത്തിൽ ബലപ്പെടേണ്ടതിനായി... ലഹരിക്ക് അടിമയായിരിക്കുന്ന സഹോ. ജോഗിന്ദർ പാലിന്റെ വിടുതലിനായി...

**04. ഉത്തരാഖണ്ട്** **ആരാധനാ കൂടിവരവുകൾ-68**

**സ്തോത്രത്തിന്:** സുവിശേഷം ശ്രവിച്ച 74 പേർ ക്രിസ്തുവിനെ അനുഗമിക്കുന്നതിനായി തീരുമാനിച്ചതിനായി... ഖാതിമ പ്രവിശ്യയിൽ രൂപപ്പെട്ട 11 പുതിയ ആരാധനാ കൂടിവരവുകൾക്കായി... 6 പേർ ശുശ്രൂഷയിൽ പുതിയതായി ചേരുവാനിടയായി... വിശ്വാസം ഏറ്റുപറഞ്ഞ 79 പേർക്കായി....

**പ്രാർത്ഥനയ്ക്ക്:** അന്വേഷക കൂടിവരവുകളിലൂടെ വിശ്വാസത്തിലേക്കു വന്ന പുതിയ 49 വിശ്വാസികൾക്കായി... വിശ്വാസ പ്രഖ്യാപനത്തിനായി ഒരുങ്ങുന്ന 17 പേർക്കായി.... മിഷനറി സഹോ.ശിവകുമാറിന്റെ ശുശ്രൂഷ ഫലപ്രദമാകേണ്ടതിനായി.... ക്ഷയരോഗത്താൽ ഭാരപ്പെടുന്ന മിഷനറി സഹോ. മനീഷ് കുമാറിന്റെ സൗഖ്യത്തിനായി...

**05. ഹരിയാന** **ആരാധനാ കൂടിവരവുകൾ-15**

**സ്തോത്രത്തിന്:** അസ്വാർപൂർ ഗ്രാമത്തിൽ ദൈവം നമുക്ക് നൽകിയിരിക്കുന്ന സഹോദരി പിങ്കിയുടെ കുടുംബത്തിനായി... സിർസാ ജില്ലയിലെ ഒഡ്ഡാൻ, ഭാമ്പൂർ വയലുകളിൽ പുതിയ ബന്ധം ദൈവം നൽകിയതിനായി...ഷേർഗഡ് വയലിലെ ആരാധനാ കൂടിവരവിൽ 2 പുതിയ കുടുംബങ്ങൾ സംബന്ധിക്കുന്നതിനായി... ഭോരിയ ഖേര ഗ്രാമത്തിലെ സഹോ.രോഹിതും കുടുംബവും കർത്താവിനായി സമർപ്പിച്ചതിനായി....

**പ്രാർത്ഥനയ്ക്ക്:** സോണിപത്, ഭതേഹബാദ് എന്നീ ജില്ലകളിൽ നടക്കുന്ന ഫീൽഡു സർവ്വേകൾക്കായി... സഹോ.രഞ്ജിത്തിന്റെ കുടുംബത്തിൽ സമാധാനം ഉണ്ടാകേണ്ടതിനായി... ധണ്ട് വയലിലെ വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കായി... കൈതാൽ, അമ്പാല മേഖലകളിൽ നിന്നും പുതിയ മിഷനറിമാർ എഴുന്നേൽക്കേണ്ടതിനായി...

**06. ഡൽഹി** **ആരാധനാ കൂടിവരവുകൾ-06**

**സ്തോത്രത്തിന്:** ആവശ്യത്തിലിരുന്ന 72 കുഞ്ഞുങ്ങൾക്ക് സ്കൂൾ ബാഗുകളും ബുക്കുകളും അടങ്ങുന്ന കിറ്റ് വിതരണം ചെയ്യുവാനിടയായി...17 പേർ തങ്ങളുടെ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനായി...സഹോദരി റീന രക്ഷിക്കപ്പെടുകയും തന്റെ ഭവനത്തിൽ ദൈവീക സമാധാനം ലഭിക്കുകയും ചെയ്തതിനായി... സുനിൽ, ആഷ എന്നിവർക്ക് ദൈവം നല്ല ആരോഗ്യം നൽകിയതിനായി...

**പ്രാർത്ഥനയക്ക്:** വയലിൽ നടക്കുന്ന ആരാധനാ കൂടിവരവിൽ സംബന്ധിക്കുന്ന വിശ്വാസികളിലൂടെ അനേകർ യേശുവിനെ അറിയേണ്ടതിനായി... പൈശാചിക ബന്ധനത്താൽ ഭാരപ്പെടുന്ന സഹോദരി സരിതയുടെ പൂർണ്ണ വിടുതലിനായി... 11 ഗ്രാമങ്ങളിൽ തുടരുന്ന അന്വേഷക കൂടിവരവിൽ പുതിയ ആളുകൾ കടന്നു വരേണ്ടതിനായി... വേദപഠന കൂടിവരവിൽ സംബന്ധിക്കുന്ന 106 പേർ ദൈവവചനത്തി ൽ ബലപ്പെടേണ്ടതിനായി....

**07. രാജസ്ഥാൻ-ബൻസ്വാര പ്രവിശ്യ** **ആരാധനാ കൂടിവരവുകൾ-73**

**സ്തോത്രത്തിന്:** കസാർവാഡി ഗ്രാമത്തിലെ സഹോ.കാന പൈശാചിക ബന്ധനത്തിൽ വിടുതൽ പ്രാപിച്ചതിനായി.... മാനസീക രോഗത്താൽ ഭാരപ്പെട്ടിരുന്ന ഷിൽത്യ

കളെ എതിർത്തിരുന്ന സഹോ.അനിലിനെ സുവിശേഷം രൂപാന്തരപ്പെടുത്തുകയും ഇപ്പോൾ വേദപഠന കൂടിവരവിൽ സംബന്ധിക്കുകയും ചെയ്യുന്നു... വിശ്വാസം ഏറ്റുപറഞ്ഞ 63 പേർക്കായി... കാലെത് ഗ്രാമത്തിൽ വേദപഠന കൂടിവരവ് ആരംഭിക്കുവാൻ ഇടയായതിനായി...

**പ്രാർത്ഥനയ്ക്ക്:** തലച്ചോറ് സംബന്ധമായ രോഗം മൂലം ചികിത്സയിലായിരിക്കുന്ന മിഷനറി സഹോ.ദുലാർ കെർക്കേട്ടയുടെ പൂർണ്ണസൗഖ്യത്തിനായി... മംഗ്ര ഗ്രാമത്തിലെ ശുശ്രൂഷയിൽ എതിർപ്പുകൾ ഉണ്ടാക്കുന്നവരുടെ രൂപാന്തരത്തിനായി...ഭരനോ വയലിൽ നടന്ന കുഡുക്ക്-മുണ്ടാരി വിഭാഗത്തിലെ വിശ്വാസികളുടെ ആരാധനാ കൂടിവരവിൽ സംബന്ധിക്കുന്നവർ ആത്മാക്കളുടെ കൊയ്ത്തിൽ പങ്കാളികളാകേണ്ടതിനായി... നിയമവിരുദ്ധമായി മദ്യം ഉണ്ടാക്കി വിൽക്കുന്ന സഹോദരി സുലോചനയുടെ രൂപാന്തരത്തിനായി...

**12. വെസ്റ്റ് ബംഗാൾ -കൊൽക്കൊത്ത പ്രവിശ്യ ആരാധനാ കൂടിവരവുകൾ-20**

**സ്തോത്രത്തിന്:** മിഷനറി സഹോ.സർജിത് ബിസ്വാസിന് ശുശ്രൂഷയ്ക്കായി ഒരു സൈക്കിൾ ദാനം നൽകിയ കുടുംബത്തിനായി...വിശ്വാസം ഏറ്റുപറഞ്ഞ 11 പേർക്കായി... തനിക്ക് ലഭിച്ച സൗഖ്യം യുവാവായ റുതം മിർസ മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നതിനായി... 56 ഗ്രാമങ്ങളിൽ നടത്തിയ അന്വേഷക കൂടിവരവുകളിലൂടെ പുതിയ ബന്ധങ്ങൾ ദൈവം നൽകിയതിനായി...

**പ്രാർത്ഥനയ്ക്ക്:** 41 വിശ്വാസി കുടുംബങ്ങൾ കൂടിവരുന്ന കസ്ബാ ഗ്രാമത്തിൽ ആരാധനാലയ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി... ആദ്യമായി സുവിശേഷം ശ്രവിച്ച 337 പേർ ദൈവസ്നേ ഹത്തിൽ വളരേണ്ടതിനായി... 6 വർഷമായി തലമുറകൾക്കായി കാത്തിരിക്കുന്ന ഗൗതം-അപർണ്ണ ദമ്പതികൾക്കായി... ബുർദ്വൻ മേഖലയിൽ ക്രമീകരിച്ചിരിക്കുന്ന വിശ്വാസപ്രഖ്യാപന ശുശ്രൂഷയുടെ ഒരുക്ക ക്ലാസ്സിൽ സംബന്ധിക്കുന്ന 10 പേർക്കായി...

**13. സിക്കിം ആരാധനാ കൂടിവരവുകൾ-20**

**സ്തോത്രത്തിന്:** ദരാപ് വയലിൽ വിശ്വാസികളുടെ എണ്ണം 122 ആയി വർദ്ധിച്ചതിനായി... വീണ്ടും വീണ്ടും ദൈവവചനം കേൾക്കാൻ താല്പര്യം കാണിക്കുന്ന 273 പേർക്കായി... വിശ്വാസപ്രഖ്യാപനത്തിനായി 25 ഒരുങ്ങുന്നതിനായി സഹോ.മൻമായയുടെ കുടുംബം നാലാക്ഥംഗ് ഗ്രാമത്തിലെ ആരാധനാ കൂടിവരവിൽ സംബന്ധിക്കുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** രക്താർബുദത്താൽ ഭാരപ്പെടുന്ന സുന്റെ സൗഖ്യത്തിനായി.... സിസ്നീ, ബെറിംഗ് എന്നീ ഗ്രാമങ്ങളിൽ ഘോഷിച്ച ദൈവവചനം ഫലപ്രദമാകേണ്ടതിനായി... എതിർപ്പുകൾ അഭിമുഖീകരിക്കുന്ന പുതിയ വിശ്വാസിയായ സഹോ.സന്തോഷ് സുബ്ബയുടെ സംരക്ഷണത്തിനായി...

**14. ആസ്സാം ആരാധനാ കൂടിവരവുകൾ-29**

**സ്തോത്രത്തിന്:** ലൊപോംഗ്ടോള ഗ്രാമത്തിലെ വിശ്വാസികൾ താല്ക്കാലികമായി ഒരു ആരാധനാലയം നിർമ്മിച്ചതിനായി... മൊയ്നാഗുഡി മേഖലയിൽ ശുശ്രൂഷയ്ക്ക് ദൈവം വാതിൽ തുറന്നതിനായി... സഹോ.മേക്രിയെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചതിനായി.. ഹാഥിബുഡ ഗ്രാമത്തിലെ ആദ്യമായി സുവിശേഷം ശ്രവിച്ച 18 പേർക്കായി....

**പ്രാർത്ഥനയ്ക്ക്:** വിശ്വാസ പ്രഖ്യാപന ശുശ്രൂഷയുടെ ഒരുക്ക ക്ലാസ്സുകളിൽ സംബന്ധിക്കുന്ന 36 പേർക്കായി... പിന്മാറ്റത്തിലേക്ക് പോയ യുവാക്കളായ കുസും, അപുവേൽ എന്നിവർക്കായി... ദൈവമക്കളുടെ ഹൃദയങ്ങളെ തിരിക്കുന്ന സഹോ.ലോഖിറാമിന്റെ രൂപാന്തരത്തിനായി... ലഹരിയിൽ നിന്നും ദരിദുരി ഗ്രാമത്തിലെ ആളുകളെ വിടുവിക്കുന്നതിന് എടുക്കുന്ന പരിശ്രമങ്ങളുടെ വിജയത്തിനായി....

**15. മണിപ്പൂർ** **ആരാധനാ കൂടിവരവുകൾ-53**

**സ്തോത്രത്തിന്:** വേദപഠന കൂടിവരവിനായി ഇറിൽബുംഗ് വയലിലെ സഹോ.ഉദയ്സിംഗ് തന്റെ ഭവനം തുറന്നു തന്നതിനായി... 5 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി... ആരാധനാകൂടിവരവിൽ പുതിയതായി സംബന്ധിക്കുന്ന 3 പേർക്കായി... 56 ഗ്രാമങ്ങളിൽ നടത്തിയ അന്വേഷക കൂടിവരവുകളിലൂടെ 151 പേർ യേശുവിനെക്കുറിച്ച് കൂടുതലായി അറിയുന്നതിനായി മുന്നോട്ടു വന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** യുംനം ഖുനൗ ഗ്രാമത്തിൽ തുടരുന്ന സുവിശേഷ യോഗങ്ങളിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കേണ്ടതിനായി... തങ്ങളുടെ പ്രിയപ്പെട്ടവരെയും വസ്തുവകകളും നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാംപുകളിൽ കഴിയുന്നവർക്കായി... ശുശ്രൂഷയെ എതിർക്കുന്ന സഹോ.കസ്തൂരിയുടെ രൂപാന്തരത്തിനായി... ക്രിസ്തുവിലുള്ള വിശ്വാസം മൂലം എതിർപ്പുകൾ നേരിടുന്ന കീനൗർ ഗ്രാമത്തിലെ വിശ്വാസികളുടെ സംരക്ഷണത്തിനായി...

**16. ത്രിപുര** **ആരാധനാ കൂടിവരവുകൾ-133**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 17 പേർക്കായി.... ഹരൂംഗ്പാഡ ഗ്രാമത്തിലെ ആരാധനാ കൂടിവരവിൽ സഹോ.സാബിരുംഗിന്റെ കുടുംബം പുതിയതായി സംബന്ധിക്കുന്നതിനായി...സഹോദരി മമതയെ ദൈവം പൈശാചിക ബന്ധനത്തിൽ നിന്നും വിടുവിച്ചതിനായി...സാംപ്രികാമി വയലിലെ ശുശ്രൂഷയിൽ സഹോ.ബിപുൽ സ്വമേധാ പ്രവർത്തിക്കുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** റാംകൃഷ്ണകാമി ഗ്രാമത്തിൽ തുടരുന്ന അന്വേഷക കൂടിവരവ് ഫലപ്രദമാകേണ്ടതിനായി... പുതിയ വിശ്വാസിയായ സഹോ.ഹിരണിലൂടെ തന്റെ കുടുംബം വിശ്വാസത്തിലേക്ക് വരേണ്ടതിനായി... വിശ്വാസപ്രഖ്യാപനത്തിനായി ഒരുങ്ങുന്ന 67 പേർക്കായി... റുതൈകാമി, സേർഥുംഗ്കാമി എന്നീ ഗ്രാമങ്ങളിലെ ആരാധനാകൂടിവരവിൽ സംബന്ധിക്കുന്ന വിശ്വാസികളുടെ ആത്മീക വളർച്ചയ്ക്കായി...

**17. ഒഡീഷ - ഗഞ്ചം, ഗജപതി ജില്ലകൾ** **ആരാധനാ കൂടിവരവുകൾ-127**

**സ്തോത്രത്തിന്:** നോളസിംഗ് വയലിൽ നടത്തിയ മെഡിക്കൽ ക്യാംപ് 200 പേർക്ക് പ്രയോജനപ്പെട്ടതിനായി....അന്ധരി ഗ്രാമത്തിൽ നമുക്ക് ലഭിച്ച പുതിയ ആരാധനാ കൂടിവരവിനായി... ജിരംഗോ വയലിലെ ശുശ്രൂഷയ്ക്ക് ഒരു ഇരുചക്രവാഹനം ലഭിച്ചതിനായി... വിശ്വാസം ഏറ്റുപറഞ്ഞ 24 പേർക്കായി...

**പ്രാർത്ഥനയ്ക്ക്:** പത്രപൂർ താലൂക്കിൽ ശുശ്രൂഷയ്ക്കായി വയലുകൾ തുറക്കുന്നതിന് 10 പുതിയ മിഷനറിമാരെ ദൈവം എഴുന്നേൽപ്പിക്കേണ്ടതിനായി... എലുമേത വയലിലെ വിശ്വാസികളിലൂടെ അയൽ ഗ്രാമങ്ങൾ അനുഗ്രഹിക്കപ്പെടേണ്ടതി നായി... വിശ്വാസപ്രഖ്യാപനത്തിനായി ഒരുങ്ങുന്ന 273 പേർക്കായി.... അംഗ്ദ, ഖംബാരിസാഹി എന്നീ ഗ്രാമങ്ങളിലെ ദൈവവചനം ശ്രവിച്ച ആളുകളുടെ രൂപാന്തരത്തിനായി...

**18. ഒഡീഷ - ഹൊ, സന്താലി പ്രവിശ്യ** **ആരാധനാ കൂടിവരവുകൾ-78**

**സ്തോത്രത്തിന്:** 7 വയലുകളിൽ നടത്തിയ ഉപവാസ പ്രാർത്ഥനയുടെ ഫലമായി ശുശ്രൂഷ വളരുന്നതിനായി... നാളബില്ല വയലിലെ ശുശ്രൂഷയിലെ പ്രതിസന്ധികളെ ദൈവം പദ്ധതികളാക്കി മാറ്റിയതിനായി... വിശ്വാസം ഏറ്റുപറഞ്ഞ 21 പേർക്കായി... ബാഭുവാപാൽ ഗ്രാമത്തിലെ വിശ്വാസികൾ അവരുടെ പുതിയ ആരാധനാലയ സമർപ്പണത്തിനുശേഷം സുവിശേഷം പങ്കുവെയ്ക്കുന്നതിനായി താല്പര്യം കാണിക്കുന്നതിനായി....

**പ്രാർത്ഥനയ്ക്ക്:** ഖാദിബഹാലി വയലിൽ നടന്ന സുവിശേഷ യോഗത്തിന്റെ അനുധാവന പ്രവർത്തനങ്ങൾക്കായി... വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്ന കരാൻജിയ ഗ്രാമത്തിൽ ആരാധനാലയ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിക്കേണ്ടതിനായി... ഹൊ, സന്താലി വിഭാഗക്കാരുടെ ഇടയിൽ നടക്കുന്ന 201 വേദപഠ ന കൂടിവരവുകൾ

വിശ്വാസം ഏറ്റുപറഞ്ഞതിനായി...

**പ്രാർത്ഥനയ്ക്ക്:** കൻകി ഗ്രാമത്തിൽ വേദപഠന കൂടിവരവ് ആരംഭിക്കേണ്ടതിനായി.... 263 ഗ്രാമങ്ങളിൽ നടക്കുന്ന ശുശ്രൂഷയെ ഭംഗിയായി നടത്തുന്നതിന് 10 ഇരുചക്ര വാഹനങ്ങൾ മിഷനറിമാർക്ക് ആവശ്യമാണ്... ലഹരിക്ക് അടിമയായിരിക്കുന്ന സഹോ. ദേവ്ചരണിന്റെ വിടുതലിനായി... ഭിൻസോ, സുഹാഗ്പൂർ, ദാംഗ്ബുഢ എന്നീ വയലുകളിൽ ആരാധനാലയം ലഭിക്കേണ്ടതിനായി...

**23. മധ്യപ്രദേശ് ആരാധനാ കൂടിവരവുകൾ-76**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 32 പേർക്കായി... റെല്ലി ഗ്രാമത്തിൽ ദൈവം ശുശ്രൂഷയ്ക്കായി നൽകിയിരിക്കുന്ന സഹോ.ഹരി നാരായണിന്റെ കുടുംബത്തിനായി... പ്രാർത്ഥനയുടെ ഫലമായി തളർവാതത്തൽ നിന്നും സഹോ.ഹരി നാരായണിന് പൂർണ്ണസൗഖ്യം ലഭിച്ചതിനായി... കഴിഞ്ഞ 1 വർഷമായി പൈശാചിക ബന്ധനത്താൽ ഭാരപ്പെട്ടിരുന്ന സഹോദരി അനിതയ്ക്ക് ദൈവം കൊടുത്ത വിടുതലിനായി...

**പ്രാർത്ഥനയ്ക്ക്:** ക്ഷയരോഗത്താൽ ഭാരപ്പെടുന്ന സീമയുടെ സൗഖ്യത്തിനായി...ഡിണ്ടോരി, മണ്ട്ല എന്നീ ജില്ലകളിൽ ശുശ്രൂഷയ്ക്ക് തുറന്ന വാതിലുകൾ ലഭിക്കേണ്ടതിനായി...313 ഗ്രാമങ്ങളിൽ നടക്കുന്ന വേദപഠന കൂടിവരവുകൾ ആരാധനാ കൂടിവരവുകളായി മാറേണ്ടതിനായി...പുതിയ വിശ്വാസികളായ അനുരാഗ്, സന്ദീപ് എന്നിവരുടെ സാക്ഷ്യങ്ങളിലൂടെ അവരുടെ കുടുംബങ്ങൾ വിശ്വാസത്തിലേക്ക് വരേണ്ടതിനായി...

**24. ഗുജറാത്ത് - സൂറത്ത് ജില്ല ആരാധനാ കൂടിവരവുകൾ-66**

**സ്തോത്രത്തിന്:** 5 പുതിയ ഗ്രാമങ്ങളിൽ ശുശ്രൂഷ ആരംഭിക്കുവാനിടയായി... 12 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി... ജഖാല വയലിലെ ആരാധനാലയ നിർമ്മാണം ആരംഭിച്ചതിനായി... സഹോദരി ശ്രദ്ധ ബെന്നിന്റെ ഭവനത്തിലെ 5 പേർ യേശുകർത്താവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** ബൽധ, പാലോഡ് എന്നീ ഗ്രാമങ്ങളിൽ ഘോഷിച്ച ദൈവവചനം ശ്രവിച്ചവർക്കായി... മാനസിക രോഗത്താൽ ഭാരപ്പെടുന്ന ദിവ്യേഷിന്റെ സൗഖ്യത്തിനായി...ധധ്വാഢ ഗ്രാമത്തിലെ ശുശ്രൂഷയെ എതിർക്കുന്നവർക്കായി.... അന്വേഷക കൂടിവരവുകൾ നടക്കുന്ന മോരിഥ, ജുനമാൽധ എന്നീ ഗ്രാമങ്ങൾക്കായി...

**25. മഹാരാഷ്ട്ര ആരാധനാ കൂടിവരവുകൾ-85**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 35 പേർക്കായി... വിനോദ്, മംഗൽ എന്നീ സഹോദരങ്ങൾ പുതിയനിയമം തുടർച്ചയായി വായിക്കുകയും യേശുവിനെക്കുറിച്ച് അധികമായി അറിയുന്നതിന് താല്പര്യം കാണിക്കുകയും ചെയ്യുന്നു... സുക്ദി വയലിലെ വിശ്വാസികൾ താല്പര്യത്തോടെ സുവിശേഷം മറ്റുള്ളവരോട് പങ്കുവെയ്ക്കുന്നതിനായി... വേദപഠന കൂടിവരവിൽ നിവൃതി, യശ്വവന്ത് എന്നീ സഹോദരങ്ങൾ കടന്നുവരുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** ധുലെ, നന്ദൂർബാർ എന്നീ ജില്ലകളിലെ ഭിൽ വിഭാഗക്കാരുടെ ഇടയിൽ നടക്കാനിരിക്കുന്ന കൺവെൻഷന്റെ ഒരുക്ക പ്രവർത്തനങ്ങൾക്കായി... പൈശാചിക ബന്ധനത്താൽ ഭാരപ്പെടുന്ന ദിയുഭായിയുടെ വിടുതലിനായി...ഹിഷർഗ വയലിൽ വിശ്വാസികളുടെ എണ്ണം വർദ്ധിക്കേണ്ടതിനായി... വിശ്വാസപ്രഖ്യാപന ശുശ്രൂഷയുടെ ഒരുക്ക ക്ലാസ്സിൽ സംബന്ധിക്കുന്ന 40 പേർക്കായി...

**26.തെലങ്കാന-ഹൻമാകോണ്ട പ്രവിശ്യ ആരാധനാ കൂടിവരവുകൾ-46**

**സ്തോത്രത്തിന്:** ഭീംപൂർ താലൂക്കിലെ 10 ഗ്രാമങ്ങൾ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തതിനായി... വിശ്വാസം ഏറ്റുപറഞ്ഞ 4 പേർക്കായി... കൊമ്മുഗുഡം വയലിൽ നിലനിൽക്കുന്ന എതിർപ്പുകൾ നീങ്ങിപ്പോകേണ്ടതിനായി... കുപ്തി, ഭാട്ടുപള്ളി വേദപഠന കൂടിവരവുകൾ ആരംഭിക്കുവാനിടയായിതിനായി...

പ്രാർത്ഥനയ്ക്ക്: നിപ്പാനി ഗ്രാമത്തിൽ ശുശ്രൂഷയ്ക്കായി വാതിൽ തുറക്കേണ്ടതിനാ

ആരാധനാ കൂടിവരവുകളായി മാറേണ്ടതിനായി.... ശുശ്രൂഷയുടെ ഈ വർഷത്തെ പദ്ധതി അനുസരിച്ച് 35 പുതിയ മിഷനറിമാരെ ലഭിക്കേണ്ടതിനായി....

**19. ഒഡീഷ - കണ്ഡമാൽ ജില്ല** **ആരാധനാ കൂടിവരവുകൾ-53**

**സ്തോത്രത്തിന്:** കുകുർകുമ്പ, രുജംഗി, ഭാലിയപാഡ എന്നീ ഗ്രാമങ്ങളിൽ വേദപഠന കൂടിവരവുകൾ ആരംഭിക്കുവാനിടയായി.... മിഷനറി സഹോ.ബിജയ്കുമാർ സേഥിയുടെ കുടുംബജീവിതത്തെ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചതിനായി... സഹോദരി മീനാക്ഷിയെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചതിനായി... ബന്ദുലി വയലിൽ ആരാധനാലയത്തിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് ദൈവം സഹായിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** 3 വയലുകളിൽ ശുശ്രൂഷയ്ക്ക് സ്പീക്കറുകൾ ആവശ്യമാണ്... സാലാഗുഡ ഗ്രാമത്തിലെ ആരാധനാലയം പുതുക്കി പണിയേണ്ടതിനായി.... വിശ്വവാണിയുടെ കാണ്ഡമാൽ ഓഫീസിലേക്ക് ഒരു കംപ്യൂട്ടറും ഒരു പ്രിന്ററും ലഭിക്കേണ്ടതിനായി.... കജൂരിപാഡ പ്രവിശ്യയിൽ ഘോഷിച്ച ദൈവവചനം ഫലപ്രദമാകേണ്ടതിനായി...

**20. ഒഡീഷ-റായിഗഡ പ്രവിശ്യ** **ആരാധനാ കൂടിവരവുകൾ-86**

**സ്തോത്രത്തിന്:** പെഡാഗുഡ വയൽ സഭയിൽ 5 പേർ പുതിയതായി സംബന്ധിക്കുന്നതിനായി... ജമ്പോഗുഡ സഹോദരി നോമിതയുടെ കുടുംബത്തിലൂടെ പുതിയ ബന്ധങ്ങൾ ലഭിക്കുന്നതിനായി... കുപ്രിഗുഡ ഗ്രാമത്തിൽ നടന്ന രാത്രി യോഗങ്ങളിലൂടെ വിശ്വാസികളുടെ എണ്ണം 60 ആയി വർദ്ധിക്കുവാൻ ഇടയായി... 9 വിശ്വാസികൾ സുവിശേഷം ഘോഷിക്കുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** ചന്ദ്രപൂർ പ്രവിശ്യയിലെ ശുശ്രൂഷ ഫലപ്രദമാകേണ്ടതിനായി... ദുകും ഗ്രാമത്തിലെ ശുശ്രൂഷയെ എതിർക്കുന്നവർക്കായി. ഹല്ലാം വയലിലെ ആരാധനാലയത്തിന്റെ പൂർത്തീകരണത്തിനായി... സിൻപൂർ, ഹുന്ദലിജുലി എന്നീ ഗ്രാമങ്ങളിലെ ദൈവവചനം ശ്രവിച്ചവരുടെ മാനസാന്തരത്തിനായി...

**21. ഒഡീഷ - സമ്പാൽപുരി പ്രവിശ്യ** **ആരാധനാ കൂടിവരവുകൾ-60**

**സ്തോത്രത്തിന്:** 10 വർഷങ്ങൾക്കു ശേഷം സഹോദരി ഹന്ന നന്ദയുടെ കുടുംബജീവിതത്തിൽ ദൈവം ഒരു പൈതലിനെ നൽകിയതിനായി... തലാപാഡ വയൽ സഭയ്ക്ക് ഒരു സൗണ്ട് സിസ്റ്റം ദാനം നൽകിയ കുടുംബത്തിനായി... മിഷനറി സഹോ.മണികാന്ത ബാരിക് വയലിൽ ക്രമീകരിച്ച ഉപവാസ പ്രാർത്ഥനയുടെ ഫലമായി എതിർപ്പുകൾ കുറയുകയും പുതിയ ബന്ധങ്ങൾ ലഭിക്കുകയും ചെയ്യുന്നതിനായി... സഹോദരി സീമ റാണിയെ ദൈവം പൈശാചിക ബന്ധനത്തിൽ നിന്നും വിടുവിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** മിഷനറി മുകുന്ദ സാഗർ ശുശ്രൂഷ ചെയ്യുന്ന 5 ഗ്രാമങ്ങളിൽ ശുശ്രൂഷയ്ക്കായി വാതിൽ തുറക്കേണ്ടതിനായി... ആരാധനാലയം ആവശ്യമായിരിക്കുന്ന ചാന്തിമുണ്ട, ത്ധിങ്കേർമാൽ എന്നീ ഗ്രാമങ്ങളിലെ വിശ്വാസികളുടെ ആഗ്രഹം സഫലീകരിക്കേണ്ടതിനായി...ബർഗഡ് ജില്ലയിലെ ഉൾഗ്രാമങ്ങളിൽ ശുശ്രൂഷ ചെയ്യുന്നതിന് രക്ഷക്കപ്പെട്ട സമർപ്പണമുള്ള 20 യുവാക്കളെ ലഭിക്കേണ്ടതിനായി... കെർമേലി, ബന്ധപാഡ എന്നീ ഗ്രാമങ്ങളിൽ നടക്കുന്ന അന്വേഷക കൂടിവരവുകളിലൂടെ പുതിയ ആത്മാക്കളെ ലഭിക്കേണ്ടതിനായി...

**22. ഛത്തീസ്ഗഡ് - ചമ്പ പ്രവിശ്യ** **ആരാധനാ കൂടിവരവുകൾ-73**

**സ്തോത്രത്തിന്:** പേത്‌ല, മധ്വാറാണി, ദുമർനാറ എന്നീ ഗ്രാമങ്ങളിൽ പുതിയതായി വേദപഠന കൂടിവരവ് ആരംഭിക്കുവാനിടയായി... മിഷനറി സഹോ.രോഹിത് കുമാറിനെ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചതിനായി... അന്വേഷക കൂടിവരവിലൂടെ സുവിശേഷം ശ്രവിച്ചവരിൽ 692 പേർ തുടർന്നും സുവിശേഷത്തോടെ താല്പര്യത്തോടെ പ്രതികരിക്കുന്നതിനായി...25 പേർ തങ്ങളുടെ ക്രിസ്തുവിലുള്ള

യി... ധാബ പ്രവിശ്യയിലുള്ള ഗ്രാമങ്ങളിൽ കുടിവെള്ളവും നല്ല റോഡുകളും ലഭിക്കേണ്ട തിനായി...ഗോണ്ടി വിഭാഗക്കാരുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്നതിന് ഒരു ഇരുചക്ര വാഹനം ആവശ്യമായിരിക്കുന്നു... ഥദിഹത്നൂർ, ഗുട്ടാഗുഡം ഗ്രാമങ്ങളിൽ ആരാധ നാലയത്തിന് ആവശ്യമായിരിക്കുന്ന സ്ഥലം ലഭിക്കേണ്ടതിനായി...

**27. തെലങ്കാന - ഹൈദരബാദ് പ്രവിശ്യ ആരാധനാ കൂടിവരവുകൾ-70**

**സ്തോത്രത്തിന്:** മോൽകാമാമിദി ഗ്രാമത്തിൽ വേദപഠന കൂടിവരവ് ആരംഭിക്കുവാ നിടയായി... 3 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി... അച്ചാംപേട്ട് മണ്ഡലിലെ 5 ഗ്രാമ ങ്ങൾ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തതിനായി... പൂർണ്ണസമയ ശുശ്രൂഷ യ്ക്കായി യുവാവായ യോഹം സ്വയം സമർപ്പിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** 40 വിശ്വാസികളുള്ള ചിന്തലബാവ ഗ്രാമത്തിൽ ആരാധനാലയത്തി നാവശ്യമായ സ്ഥലം ലഭിക്കേണ്ടതിനായി... മന്ത്രവാദത്തിൽ നിന്നും ലഹരിയിൽ നിന്നും നാരായൺപുരം ഗ്രാമീണർ വിടുവിക്കപ്പെടേണ്ടതിനായി... ചെഞ്ചു വിഭാഗക്കാരുടെ ഇ ടയിലെ ശുശ്രൂഷയ്ക്ക് 5 മെഗാഫോണും 5 ഡോലക്കും ആവശ്യമുണ്ട്... യേദാദ്രി, നഗർ കുർനൂൾ ജില്ലകളിൽ നിന്നും പുതിയ മിഷനറിമാർ എഴുന്നേല്ക്കേണ്ടതിനായി...

**28. ആന്ധ്രാപ്രദേശ്- ജതാപു ആരാധനാ കൂടിവരവുകൾ-92**

**സ്തോത്രത്തിന്:** ജതാപു വിഭാഗക്കാരുടെ കൺവെൻഷനിൽ 38 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി... 8 ഗ്രാമങ്ങളിൽ ആരാധനാകൂടിവരവുകൾ ആരംഭിക്കുവാൻ ഇടയായതിനായി... പേദാകർജ ഗ്രാമത്തിലെ ആരാധനാ കൂടിവരവിൽ 7 പേർ പുതി യതായി കടന്നു വരുന്നതിനായി... തോട്ടഡി വയലിൽ പുതിയതായി നിർമ്മിച്ച ആരാ ധനാലയം ഇപ്പോൾ സാമൂഹ്യ പുരോഗമന കേന്ദ്രമായി പ്രവർത്തിക്കുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** തുമ്പകോണ്ട, പാളം എന്നീ മേഖലകളിൽ ശുശ്രൂഷയ്ക്കായി വാതിൽ തുറക്കേണ്ടതിനായി... രാസ്താ കുന്തുഭായി ഗ്രാമത്തിൽ ഒരു ശുശ്രൂഷാ ഏകോപന കേന്ദ്രം രൂപീകരിക്കുന്നതിന് ദൈവീക മാർഗ്ഗനിർദ്ദേശം ലഭിക്കേണ്ടതിനായി... 4 ഗ്രാമ ങ്ങളിൽ നടന്ന സുവിശേഷ യോഗങ്ങളുടെ അനുധാവന പ്രവർത്തനങ്ങൾക്കായി... മന്യാം ജില്ലയിലെ ഉൾഗ്രാമങ്ങളിൽ ശുശ്രൂഷ ചെയ്യുന്നതിന് 35 മിഷനറിമാരെ ആവശ്യ മായിരിക്കുന്നു...

**29. ആന്ധ്രാപ്രദേശ് - വിജയവാഡ പ്രവിശ്യ ആരാധനാ കൂടിവരവുകൾ-16**

**സ്തോത്രത്തിന്:** സുവിശേഷം ശ്രവിച്ചതിനുശേഷം മദ്യം ഉപയോഗിക്കില്ല എന്ന് വെങ്ക ടേഷ്, മല്ലയ്യ എന്നീ സഹോദരങ്ങൾ തീരുമാനിച്ചതിനായി... സഹോദരി അങ്കലമ്മയ്ക്ക് ക്ഷയരോഗത്തിൽ നിന്നും പൂർണ്ണവിടുതൽ ലഭിച്ചതിനായി... ചെഞ്ചു വിഭാഗത്തിൽ നിന്നും 5 പേർ വിശ്വാസത്തിലേക്ക് വന്നതിനായി...സഹോ.പോട്ടയ്യയ്ക്ക് ലഭിച്ച സൗഖ്യ ത്തിനായി...

**പ്രാർത്ഥനയ്ക്ക്:** ബോദെനായ്ക് ഥണ്ട ഗ്രാമത്തിൽ നടക്കുന്ന അന്വേഷക കൂടിവരവ് അനേകർക്ക് വിടുതലിന് കാരണമാകേണ്ടതിനായി... തളർവാത രോഗത്താൽ ഭാരപ്പെ ടുന്ന സഹോ.പോട്ടണ്ണയുടെ സൗഖ്യത്തിനായി... യെരീഗുന്ത ഗ്രാമത്തിലെ വിശ്വാസിക ളുടെ ആത്മീയ വളർച്ചയ്ക്കായി... ആരാധനാ കൂടിവരവുകളിൽ ഉപയോഗിക്കുന്ന തിന് 4 സ്പീക്കറുകൾ ലഭിക്കേണ്ടതിനായി...

**30. ആന്ധ്രാപ്രദേശ് -സോറ പ്രവിശ്യ ആരാധനാ കൂടിവരവുകൾ-237**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 31 പേർക്കായി...ശ്രീകാകുളം ജില്ലയിൽ ആരംഭിച്ച വേദപഠന കൂടിവരവുകൾക്കായി... പുതിയ ആരാധനാലയം ലഭിച്ച ശ്രീരാം പുരം, സൂര്യനഗരം, നാഗമ്മഗുഡ എന്നീ വയലുകളിലെ വിശ്വാസികൾ താല്പര്യ ത്തോടെ ശുശ്രൂഷയിൽ പങ്കുവഹിക്കുന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** ഗന്തുരുഗം ഗ്രാമത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം ആരംഭി ക്കുന്നതിന് എടുക്കുന്ന പ്രയത്നങ്ങൾ ഫലപ്രദമാകേണ്ടതിനായി... കൊന്ദലേവിഡി ഗ്രാമത്തിൽ ഒരു ശുശ്രൂഷാ ഏകോപന കേന്ദ്രം രൂപീകരിക്കുന്നതിന് ദൈവീക

മാർഗ്ഗദർശനം ലഭിക്കേണ്ടതിനായി...19 വയലുകളിൽ പണി നടക്കുന്ന ആരാധനാലയങ്ങളുടെ പൂർത്തീകരണത്തിനായി...

**31. കർണ്ണാടക** **ആരാധനാ കൂടിവരവുകൾ-98**

**സ്തോത്രത്തിന്:** ചല്ലാക്കേര വയലിൽ ഒരു പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ അനുവാദം ലഭിച്ചതിനായി... കഴിഞ്ഞ 2 വർഷമായി ലഹരിക്ക് അടിമയായിരുന്ന സഹോ.നാഗരാജിന് ലഭിച്ച വിടുതലിനായും യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വളരുന്നതിനായും... രാജേശ്വർ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ആരാധനാ കൂടിവരവിൽ സഹോ.ഓംകാറിന്റെ കുടുംബം സംബന്ധിക്കുന്നതിനായി... മൊഗലഹള്ളി, മ്യാവനിഗ് എന്നീ ഗ്രാമങ്ങളിൽ വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** കുഞ്ഞിന്റെ വേർപാടിൽ ദുഃഖിക്കുന്ന സഹോദരി സുജാതയുടെ കുടുംബത്തിന്റെ ആശ്വാസത്തിനായി... സിദ്ദാപുര, ഉജ്ജിനിപുര എന്നീ ഗ്രാമത്തിലെ വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കായി... വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്ന ജോഗിഹട്ടി ഗ്രാമത്തിൽ ആരാധനാലയത്തിന് ആവശ്യമായ സ്ഥലം ലഭിക്കുന്നതിന്... കർണ്ണാടകയിൽ പ്രവർത്തിക്കുന്ന 182 വേദപഠന കൂടിവരവുകൾ ആരാധനാ കൂടിവരവുകളായി മാറേണ്ടതിനായി...

## വിശ്വാസത്തിന്റെ പടികൾ

എനിക്ക് 19 വയസ്സുണ്ട്. ഞാൻ കൗമാരം കഴിഞ്ഞ് യൗവനത്തിലേക്ക് കാലുകുത്തിയിരിക്കുന്നു. എന്റെ ഉപരിപഠനത്തെക്കുറിച്ചുള്ള ചിന്തകളും സ്വപ്നങ്ങളും എന്നെ വലയം ചെയ്തിരിക്കുന്ന സമയം. എന്നാൽ ഇവയെല്ലാം ഒരു ദിവസം കൊണ്ട് ചില്ലുകൊട്ടാരം പോലെ തകർന്നു തരിപ്പണമായി. കാരണം അപ്രതീക്ഷിതമായി തളർവാതത്താൽ എന്റെ ശരീരം തളർന്നുപോയി, സാമ്പത്തിക പ്രതിസന്ധിയുടെ നടുവിലും എന്റെ പിതാവ് 70000 രൂപ എന്റെ ചികിത്സയ്ക്കായി ഉപയോഗിച്ചു എങ്കിലും ഒരു പ്രയോജനവുമുണ്ടായില്ല.



മനുഷ്യർക്ക് അസാദ്ധ്യമായ കാര്യങ്ങൾ ദൈവത്തിന് സാദ്ധ്യമാണെന്ന് ഞങ്ങളുമായി പങ്കുവെയ്ക്കാൻ ഞങ്ങളുടെ ഒരു അകന്ന ബന്ധുവിനെ ദൈവം ഞങ്ങളുടെ ഭവനത്തിലേക്ക് അയച്ചു. അദ്ദേഹം ഞങ്ങളെ ഗുജറാത്തിലെ പിപൽവാൻ വയലിൽ ശുശ്രൂഷ ചെയ്യുന്ന മിഷനറിയുടെ അടുക്കലേക്ക് കൊണ്ടുപോയി, അദ്ദേഹത്തിലൂടെ യേശുവിന്റെ നാമത്തിൽ നടന്ന അത്ഭുതങ്ങൾ കേൾക്കുവാൻ ഇടയായി. തുടർന്ന് എനിക്കുവേണ്ടി പ്രാർത്ഥിച്ചു. ഇന്ന് എനിക്ക് എഴുന്നേറ്റ് നടക്കുവാൻ കഴിയും. ഇത് എന്നെ സ്പർശിച്ച യേശുക്രിസ്തുവിലൂടെയാണ് സാധിച്ചത്. യേശുവിലും അവന്റെ വചനത്തിലും ഞങ്ങൾ വിശ്വസിച്ചാൽ ഞങ്ങൾ വിടുവിക്കപ്പെടും എന്നും അനുഗ്രഹിക്കപ്പെടും എന്നും എന്റെ പിതാവും മനസ്സിലാക്കാൻ ഇടയായി. എന്റെ പിതാവും കർത്താവിനായി ഹൃദയം തുറന്നു. ഇന്ന് എന്റെ ഭവനം ഒരു സുവിശേഷ കേന്ദ്രമായി മാറി. ഞങ്ങളുടെ സുവിശേഷ ചുവടുകളെ ദൈവം ബലപ്പെടുത്തുകയും ഞങ്ങളുടെ ചെറിയ സഭയിൽ വിശ്വാസികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യട്ടെ!

**- ഹീരാൽ ബെൻ വാസവ, ഗുജറാത്ത്**

# വാർത്തകൾ

- ഇന്ത്യയിലെ ക്ഷയരോഗത്തിന്റെ വാർഷിക കണക്കനുസരിച്ച്, 2015-2022 വരെ ഇന്ത്യയിൽ ക്ഷയരോഗം 16% കുറഞ്ഞു. ഇത് ആഗോള തലത്തിൽ 9% എന്ന ഇടിവ് മറികടന്നു. കഴിഞ്ഞ വർഷം 25.55 ലക്ഷം ക്ഷയരോഗ കേസുകൾ റിപ്പോർട്ടു ചെയ്തതായി എടുത്തു കാണിക്കുന്നു. ക്ഷയരോഗ ബാധിതരുടെ എണ്ണം ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നത് ഉത്തർപ്രദേശിലാണ്. തൊട്ടു പിന്നിൽ ബീഹാറാണ്.

- ലോക സന്തോഷ റിപ്പോർട്ട് 2024 അനുസരിച്ച്, 143 രാജ്യങ്ങളിൽ പാകിസ്ഥാൻ, ലിബിയ, ഇറാഖ്, പലസ്തീൻ, നീജർ എന്നിവയുൾപ്പടെയുള്ള നിരവധി രാജ്യങ്ങൾക്കു പിന്നിൽ 126-ാം സ്ഥാനത്താണ് ഇന്ത്യ. രാജ്യത്തിലെ പൗരന്മാരുടെ ക്ഷേമത്തിന്റെ വിവിധ വശങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത ഇത് ചൂണ്ടികാണിക്കുന്നു. ഇന്ത്യയുടെ അയൽ രാജ്യങ്ങളായ ചൈന 60-ാം സ്ഥാനവും, നേപ്പാൾ 93, പാകിസ്ഥാൻ 108, മ്യാൻമർ 118, ശ്രീലങ്ക 127, ബംഗ്ലാദേശ് 129 എന്നിങ്ങനെയാണ് സ്ഥാനങ്ങൾ. ലോകത്തിലെ പ്രായമുള്ള ആളുകളുടെ ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തുള്ള ഇന്ത്യയിൽ 60 വയസ്സും അതിൽ കൂടുതലുമുള്ള 140 ദശലക്ഷം ഇന്ത്യക്കാരുണ്ട്.

- ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച്, ലോകമെമ്പാടുമുള്ള ഏകദേശം 2 ബില്യൺ ആളുകൾക്ക് സുരക്ഷിതമായ കുടിവെള്ളം ഇല്ല, മലിനമായ വെള്ളം ശുചിത്വമില്ലായ്മ എന്നിവയുമായി ബന്ധപ്പെട്ട രോഗങ്ങൾ വർദ്ധിക്കുകയും അങ്ങനെ ഓരോ വർഷവും 74 ദശലക്ഷം ആളുകളുടെ ആയുസ്സ് കുറയുന്നു. കൂടാതെ ശുദ്ധജലത്തിന്റെ അഭാവം മൂലം 1.4 ദശലക്ഷം ആളുകൾ പ്രതിവർഷം മരിക്കുന്നു.

- ലോകമെമ്പാടും തീർത്തും ഭക്ഷ്യസുരക്ഷയില്ലാത്ത ആളുകളുടെ എണ്ണം, കോവിഡ്-19 നുമുമ്പ് 149 ദശലക്ഷം ആളുകളിൽ നിന്ന് അത് 2023 ൽ 333 ദശലക്ഷമായി (ലോക ഭക്ഷ്യപ്രോഗ്രാം നിരീക്ഷിക്കുന്ന 78 രാജ്യങ്ങളിൽ) വർദ്ധിച്ചു. അടിസ്ഥാന കാരണമല്ലെങ്കിലും കാലാവസ്ഥയും കാലാവസ്ഥാ വ്യതിയാനങ്ങളും ഇതിനെ സാരമായി ബാധിക്കുന്ന ഘടകങ്ങളാണ്.

---

### ബാങ്ക് വഴി സംഭാവന നൽകുന്നതിന്...

ശുശ്രൂഷയ്ക്കായുള്ള താങ്കളുടെ നല്ല ദാനം ബാങ്ക് വഴി അയയ്ക്കുന്ന ദൈവമക്കൾ ആ വിവരം ബന്ധപ്പെട്ട പ്രവർത്തകരെയോ സ്റ്റേറ്റ് ഓഫീസിലോ അറിയിച്ചാൽ രസീത് നൽകുന്നതിന് സഹായകമാകും. തുടർന്നും ആത്മഭാരത്തോടെ കർത്താവിന്റെ വേലയിൽ നമുക്ക് പങ്കാളികളാകാം.

Bank : State Bank Of India
A/C No : 34320874789
Branch : Thiruvalla

A/C Name : Vishwavani
IFS code : SBIN0003299

---

കൂടുതൽ വിവരങ്ങൾക്ക്:

State Office, Vishwavani
Manjadi P.O, Thiruvalla -5
04692633165, 9447251358
www.vishwavani.org
vishwavanikerala@gmail.com

# പ്ലാനിംഗ് മീറ്റിംഗുകൾ



ഭാരതത്തിലുടനീളം 10 കേന്ദ്രങ്ങളിലായി സംഘടിപ്പിച്ച പ്ലാനിംഗ് മീറ്റിംഗിലൂടെ വിശ്വവാണിയിലെ എല്ലാ പ്രവർത്തകർക്കും ഒരുമിച്ചു കൂടി പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും ദൈവകൃപയാൽ ശക്തിപ്പെടുന്നതിനും സാധിച്ചു. ആദ്യത്തെ ആറു മാസത്തേക്കുള്ള പ്രവർത്തനങ്ങളുടെ പ്ലാൻ തയ്യാറാക്കുവാനിടയായി. ദൈവത്തിനു സ്തോത്രം!



Ludhiana (North India), 3-5 April 2024



Cochin (Tamilnadu & Kerala), 3-5 April 2024



Bengaluru (Karnataka), 3-4 April 2024



Vijayawada (Central A.P.), 3-4 April 2024



Lagadhwal (Maharashtra & Gujarat), 4-6 April 2024



Hanmakonda (North Telangana), 5-6 April 2024



Tarangada (West Bengal & Odisha), 4-6 April 2024




Cuddappah (South A.P.), 6-7 April 2024



Siliguri (North East India), 6-8 April 2024



Hyderabad (South Telangana), 8-9 April 2024

**RNI REGD. NO. RN. 45020/89 | POSTAL REGD. NO. HQ/SD/181/2024-2026 - MALAYALAM | DATE OF PUBLICATION 25.04.2024**

**LICENSED TO POST WITHOUT PREPAYMENT - PMG/TS/HQR/SC-02/WPP/2024-2026**

Return Requested: VISHWAVANI SAMARPAN
1-10-28/247, Anandapuram,
ECIL Post, Hyderabad-500062.

**കണ്ണീരോടെ വിതയ്ക്കുന്നവർക്ക് സന്തോഷത്തിന്റെ കൊയ്ത്ത് ഉറപ്പാണ്. അത് സാധ്യമാകുന്നത് വളരുമാറാക്കുന്നവനിലൂടെയാണ്. ഹല്ലേലുയ്യ!**




BAGHUAPAL, ODISHA - 15.03.2024




LOGILI, A.P. - 18.03.2024



PONUGODU, TELANGANA - 20.03.2024




ELUMETA, ODISHA - 23.03.2024




SAINDANIPADA, MAHARASHTRA - 23.03.2024




Y.SRIRAMAPURAM, A.P. - 24.03.2024




DOKRIPODOR, ODISHA - 24.03.2024




NAGAMMAGUDA, A.P. - 24.03.2024




GULTARE, MAHARASTHRA - 30.03.24




GADIPALLIVALASA, A.P. - 30.03.2024




SURYANAGARAM, A.P. - 31.03.2024




TOTTADI, A.P. - 31.03.2024

VISHWA VANI SAMARPAN – MALAYALAM LANGUAGE

Printed and Published by P. Selvaraj on behalf of VISHWA VANI, a registered society (Regn. No.17871 of 1987) and printed at CAXTON Offset Pvt. Ltd., 11-5-416/3, Red Hills, HYD-04. and published at 1-10-28/247, Anandapuram, ECIL Post, HYD-62. **POSTING DATE: 28.04.2024. EDITOR: P. SELVARAJ**